

# St. PIUS X COLLEGE RAJAPURAM

COLLEGE UNION MAGAZINE 2019-20



കോളേജ് യൂണിയൻ 2019-20

25

രജത ജൂബിലി
നിറവിൽ
പയസ്ഗിരി

“ തളച്ചിടാനാവില്ല ജീവിതത്തെ
മഹാമാരിയുടെ കാൽക്കീഴിൽ
നാം പുലരുക തന്നെ ചെയ്യും”

# EDITORIAL


**St. Pius X College Rajapuram**
Union Magazine 2020,
Kasaragod District

**Chief Editor**

Dr. Sr. Marykutty Alex

**Staff Editor**

Dr. N V Vinod

**Student Editor**

Vishnu Valsan K P

**Staff Members**

Mr. Biju Joseph
Mrs. Athulya Kuriakose
Lt.Dr. Thomas Scaria
Dr. Siji Cyriac

**Students Members**

Aswin Ajith A
Akhila Peeter
Asna Sasidharan
Chithra K V

**Layout & Design**

Ranjith K
Contact : 7306648291

**Printing & Publications**

Geethanjali Offset prints
Calicut : 9995443006

# OUR HEAVENLY PATRON



# St.PIUS X

(1835-1914)

## Patron



Mar. Mathew Moolakkattu
(Arch Bishop of Kottayam)

## Manager



Mar. Joseph Pandarasseril
(Auxiliary Bishop of Kottayam)

## Pro manager



very Rev. Fr.  Jose Nedungattu

## Local manager



very Rev. Fr. George puthupparambil

THE VISIONARY BEHIND THIS CENTRE OF EXCELLENCE



# MAR KURIAKOSE KUNNACHERRY

FOUNDER PATRON & FORMER ARCH BISHOP OF ARCH DIOCESE OF KOTTAYAM

(1928–2017)

# EDITORIAL BOARD




**Dr. Sr. Marykutty Alex**
Chief Editor



**Dr. N V Vinod**
Staff Editor



**Vishnu Valsan K P**
Student Editor



**Mr. Biju Joseph**
Head, Dept. of Management Studies



**Dr. Siji Cyriac**
Dept. of Management Studies



**LT. Dr. Thomas Scaria**
Head, Dept. of Computer Science



**Athulya Kuriakose**
Dept. of Language



**Aswin Ajith A**
II DC Physics



**Akhila Peeter**
I DC BBA



**Asna Sasidharan**
III DC Microbiolgy



**Chithra K V**
II DC Economics



ഡോ. കെ. ടി. ജലീൽ
ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി
കേരള സർക്കാർ

കാസർകോട് രാജപുരം സെന്റ് പയസ് കോളേജ് യൂണിയന്റെ 'സവേര' എന്ന മാഗസിന് എല്ലാവിധ ആശംസ കളും നേരുന്നു ഓരോ മാഗസിനും നന്മയുടേയും മാനവ സൗഹാർദ്ദത്തിനും ആകെ തുകയാകണം. ഈ മാഗസിന് പുറകിൽ പ്രവർത്തിച്ച സംഘാടകരെ അഭിനന്ദിക്കുന്നു.

സ്നേഹപൂർവ്വം

ഡോ. കെ. ടി. ജലീൽ

Thiruvanathapuram
22 September, 2020

കണ്ണൂർ സർവ്വകലാശാല
kannur university
www.kannuruniversity.ac.invv



പ്രൊഫ. ഗോപിനാഥ് രവീന്ദ്രൻ
വൈസ് ചാൻസലർ

Prof.Gopinath Ravindran
Vice-chancellor

It's happy to hear that the College Union,St Pius X College, Rajapuram is presenting a magazine for the year 2019-20
I hope that the College Union had focused on bringing out the talents in students. I believe that the magazine, in addition to the activities carried out by the Union,had also included the various talents showcased by the students.

St Pius X College Rajapuram is one among the high ranking colleges of Kannur University. I wish the college would pursue it's venture towards excellence in the coming years.

I wish all the best to the efforts you had undertaken for bringing out this magazine.

kannur
22 September, 2020

Prof.Gopinath Ravindran

*Mar Joseph Pandarasseril*
(Auxiliary Bishop of Kottayam)

**Sreepuram Bishop's House**
P.O. Pallikkunnu, Kannur - 670 004,
Ph: 0497- 2701333, 2702133,
Fax: 0497 - 2708333
E-mail: marpandarasseril@gmail.com



+മാർ ജോസഫ് പണ്ടാരശ്ശേരിൽ
മാനേജർ, പയസ് ടെൻത് കോളേജ്,
രാജപുരം

കോവിഡ് മഹാമാരി നമ്മുടെ സാധാരണ ജീവിതക്രമത്തിന്റെ താളം തെറ്റിച്ചെങ്കിലും ഇതിനോടകം നാമതിനെ പലവിധ മാർഗ്ഗങ്ങളിലൂടെ അതിജീവിക്കാൻ പഠിക്കുകയും, കോവിഡിനൊത്തു ജീവിക്കാൻ പരിചയിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. പുതിയ വിദ്യാഭ്യാസനയത്തിലും, മാറിയ സഹചര്യത്തിലും 'ഹൈബ്രിഡ്' രീതിയിലുള്ള പഠനമാണ് വിഭാവനം ചെയ്തിട്ടുള്ളത്. പരമ്പരാഗതരീതിയിലുള്ള ക്ലാസ്റൂം വിദ്യഭ്യാസത്തിൽ നിന്നും വിദൂര വിദ്യാഭ്യാസവും, ക്രെഡിറ്റ് ട്രാൻസ്ഫർ സമ്പ്രദായവും, സോഫ്റ്റ്സ്കിൽ പരിശീലനവും, പ്രോജക്ടുകളും ഉൾപ്പെടുത്തിയുള്ള പഠനരീതികളിലൂടെ കടന്നുപോകുന്ന ഉന്നതവിദ്യാഭ്യാസം ചെറുപ്പക്കാർക്ക് വെല്ലുവിളിയും സാധ്യതകളും ഉയർത്തുന്നു. പ്രത്യേക സാഹചര്യമായതുകൊണ്ടാണ് 201920ലെ കോളേജ് മാഗസിൻ പ്രസിദ്ധീകരിക്കാൻ സാധിക്കാതിരുന്നത്. വൈകിയാണെങ്കിലും രാജപുരം കോളേജിലെ മാഗസിൻ 'സവേര' പ്രസിദ്ധീകരിക്കുകയാണല്ലോ. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ചീഫ് എഡിറ്റർ, സ്റ്റാഫ് എഡിറ്റർ, സ്റ്റുഡന്റ് എഡിറ്റർ എന്നിവർക്കും അണിയറയിൽ പ്രവർത്തിച്ച അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും അഭിനന്ദനങ്ങൾ അറിയിക്കുന്നു. നന്മകൾ നേരുന്നു. നിങ്ങളുടെ ജീവിതവിജയത്തിനായി പ്രാർത്ഥിക്കുന്നു.

kannur
22 September, 2020

+മാർ ജോസഫ് പണ്ടാരശ്ശേരിൽ

കണ്ണൂർ സർവ്വകലാശാല
kannur university
www.kannuruniversity.ac.invv



ശിശിര ടി കെ
ചെയർ പേഴ്സൺ
കണ്ണൂർ സർവകലാശാല യൂണിയൻ 2019-20

വൈവിധ്യമായ കലാലയ ജീവിതത്തിന്റെയും സർഗാത്മക പ്രവർത്തനങ്ങളുടെയും അടയാളപ്പെടുത്തലുകൾ ആണ് ഓരോ കോളേജ് മാഗസിനും. എന്നാൽ സമകാലിക വിദ്യാഭ്യാസമേഖല നാം ഇതുവരെ കണ്ടതിൽ വച്ച് വലിയ പ്രതിസന്ധിയിലൂടെ കടന്നുപോവുകയാണ്. ഈ മഹാമാരിക്കാലത്ത് മറ്റിതര മേഖലകളിൽ എന്നപോലെ വിദ്യാഭ്യാസ മേഖലയ്ക്കും വലിയ രീതിയിൽ പ്രഹരമേറ്റു. സമാനതകളില്ലാത്ത അതിജീവന പ്രവർത്തനങ്ങൾക്ക് നമ്മളും നമ്മുടെ ചുറ്റുപാടും സാക്ഷി ആകുമ്പോൾ നൂതന രീതിയിലുള്ള വിദ്യാഭ്യാസ സമ്പ്രദായങ്ങൾ സ്വായക്തമാക്കേണ്ട സന്ദർഭം കൂടിയായി ഇന്നത്തെ സാഹചര്യം മാറിയിരിക്കുന്നു.
എന്നാൽ ഈ സന്ദിഗ്ധഘട്ടത്തിൽ തന്നെയാണ് വിദ്യാഭ്യാസ മേഖലയെ ആകെ ബാധിക്കുന്ന ദേശീയ വിദ്യാഭ്യാസ നയവും ആയി കേന്ദ്ര ഗവൺമെന്റ് നമുക്ക് മുന്നിലേക്ക് വരുന്നത്. വർഗീയതയുടെയും കോർപ്പറേറ്റ് താൽപര്യങ്ങളുടെയും രൂപകൽപനയാണ് ഇത്തരം നിയമങ്ങൾ എന്നത് വ്യക്തമാണ്. ഇന്ത്യൻ വിദ്യാഭ്യാസ സംസ്കാരത്തെ തന്നെ കീഴ്മേൽ മറിക്കാൻ പോകുന്ന ഇത്തരം സമീപനങ്ങളെ ചെറുക്കേണ്ടതുണ്ട്.ഇവിടെയാണ് മാഗസിൻ പ്രവർത്തനങ്ങൾ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമാകുന്നത്. കാലത്തിന്റെ അടയാളപ്പെടുത്തലുകൾ ആവുന്നത്...

ഈ അത്യപൂർവ സാഹചര്യത്തിലും പ്രതിസന്ധികൾ എല്ലാം മറികടന്ന് സെന്റ് പയസ് ടെൻത് കോളേജ് പുറത്തിറക്കിയ ‘സവേര’ എന്ന കോളേജ് മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു..

kannur
22 September, 2020

കണ്ണൂർ സർവ്വകലാശാല
kannur university
www.kannuruniversity.ac.invv



ആൽബിൻ മാത്യു
സെനറ്റ് അംഗം
കണ്ണൂർ യൂണിവേഴ്സിറ്റി

സെന്റ് പയസ് ടെൻത് കോളേജ് യൂണിയൻ 2019–2020 ലെ മാഗസിൻ ‘സവേര’ ക്ക് എല്ലാവിധ നന്മകളും ആശംസകളും നേരുന്നു. ലോകത്തെമ്പാടും അതിജീവന കാലഘട്ടമാണിത്. സർഗ്ഗ സൃഷ്ടിയിലൂടെ പുതുലോകത്തെ ആശയങ്ങൾ കൊണ്ട് പ്രതിരോധം തീർക്കുന്ന പ്രിയപ്പെട്ട പയസിലെ ഈ ഓർമ്മച്ചെപ്പിൽ എന്നും സൂക്ഷിക്കുവാനും ഓർമ്മിക്കാനുള്ളതുമായ ഉള്ളടക്കമടങ്ങിയതുമാകട്ടെ,

ഇത് പുറത്തിറക്കുന്നതിനുവേണ്ടി പ്രയത്നിച്ച എല്ലാവർക്കും സ്നേഹാഭിവാദ്യങ്ങൾ.

kannur
23 September, 2020

**Dr.Sr. Marykutty Alex**
Principal



# From Chief Editor's Desk

It is delightful to see the college union releasing the college magazine *'SAWERA'* for the year 2019-2020. I am pleased to notice the best works contributed by the students in creation of the magazine. The magazine is the result of a team work. It had given the students a chance to bring out their own creativity, and I congratulate the college union, and other members who took part in bringing out the magazine.

I appreciate the staff editor, student editor, and the college union in this venture and wishing the magazine all the success.



## ഡോ. എൻ വി വിനോദ്

**സ്റ്റാഫ് എഡിറ്റർ**

ഓൺലൈൻ പഠനത്തിന്റെ ചതുരമുഖത്തിൽ കുടുങ്ങിപ്പോയ പ്രിയപ്പെട്ടവരുടെ തിരിച്ചുവരവിനായി കലാലയ മൈതാനവും ഇടനാഴികളും വരാന്തകളും ക്ലാസ്സ് മുറികളും കാത്തിരിക്കുകയാണ്. വസന്തം കൊഴിഞ്ഞ ചില്ലകളിൽ പ്രതീക്ഷയുടെ നേരിയ പച്ച പൊടിച്ചുതുടങ്ങിയിരിക്കുന്നു. നമ്മുടെ കുട്ടികൾ നമുക്കു മുന്നിലേക്ക് വരുമെന്നും അവരുടെ സാന്നിദ്ധ്യത്താൽ ഇവിടം വീണ്ടും വർണ്ണാഭമാകുമെന്നും നമുക്കുറപ്പുണ്ട്. ആ പ്രതീക്ഷയിലേക്കുള്ള ആദ്യ ചുവടാണ് ഈ കലാലയ മാസിക. അരക്ഷിതാവസ്ഥയിലും അവർ തളർന്നു പോയിട്ടില്ലെന്നതിന്റെ തെളിവാണ് ഈ അക്ഷരങ്ങൾ. ഇത് ഏറെ സന്തോഷിപ്പിക്കുന്നു. ഏത് കഠിനകാലത്തിലും തളർന്നുപോകാതിരിക്കട്ടെ അവരുടെ ആത്മബലം. കെടാതിരിക്കട്ടെ ഉള്ളിലെ അഗ്നി.

**സ്നേഹാശംസകളോടെ...**

ഡോ. എൻ വി വിനോദ്



**Vishnu Valsan K P**
Student Editor

നമ്മുടെ ഓരോ ഓർമ്മയും ഓരോ പുസ്തകത്താളു പോലെയാണ്, സൗഹൃദത്തിന്റെ ഊഷ്മളത അറുത്തുമാറ്റിയ കാലത്തിലിരുന്ന് ആ താളുകൾ മറിച്ചു നോക്കണം. അങ്ങനെ, താളുകളിൽ നിറഞ്ഞുനിൽക്കുന്ന വരാന്തയിലേക്ക് കയറി ചെല്ലണം, ബാക്കിയായ സ്വപ്നങ്ങളെ തൊട്ടുണർത്തണം. സൗഹൃദത്തിന്റെ മങ്ങാത്ത വെളിച്ചം അത് മനസ്സിന്റെ താളമായ് മാറുമ്പോൾ വീണ്ടും വീണ്ടും അതൊരു ഓർമ്മപ്പെടുത്തലായ് മാറുമ്പോൾ വെറുതെയാണെങ്കിലും ആഗ്രഹിക്കാറുണ്ട് വീണ്ടുമൊരു ഒത്തുചേരലിനായ്...

ആ ആഗ്രഹത്തെ കുറച്ചെങ്കിലും തൃപ്തിപ്പെടുത്താനാണ് ഈ അക്ഷരങ്ങൾ, കാലങ്ങൾക്കൊപ്പം മാഞ്ഞുപോയ കൊച്ചുകൊച്ചു സന്തോഷങ്ങളും നൊമ്പരങ്ങളും നമുക്കിവിടെ വായിക്കാം...

പറഞ്ഞു തീരാത്ത കഥകളുടെയും എഴുതി തീരാത്ത കവിതകളുടെയും തുടർച്ചയെന്നോണം അക്ഷരങ്ങളുടെ ചില്ലകൾ വീണ്ടും ഇവിടെ പൂക്കുന്നു... എഴുതിയാൽ ഒടുങ്ങാത്ത വാക്കുകളുടെ വസന്തം ഇവിടെ വിരിയട്ടെ... ചിലപ്പോൾ നിങ്ങൾക്ക് നിങ്ങളെ ഈ വരികളിൽ കണ്ടെത്താൻ കഴിഞ്ഞേക്കാം. എഴുതിച്ചേർക്കപ്പെടേണ്ട വരികൾക്കിടയിൽ വായിക്കാൻ പലതും ബാക്കി വന്നേക്കാം. എന്നിരുന്നാലും ഇന്നലകളിലെ ഓർമ്മകളെ വീണ്ടെടുക്കാൻ നമുക്കീ വരികളിലൂടെ കണ്ണോടിക്കാം...

***ആശയങ്ങളിലൂടെ പൊരുതാം സൃഷ്ടികളിലൂടെ നിർമ്മിക്കാം പുതുലോകത്തെ...***
***സവേരാ എന്റെ തെളിഞ്ഞ സ്വപ്നമേ....***



"WITHOUT IMPERFECTION,
YOU OR I
WOULD NOT
EXIST"

- *STEPHEN HAWKING*

# ഉള്ളടക്കം


19 നിലയ്ക്കാതെ ഓർമ്മകൾ
21 മുഖംമൂടി – ഊരുതെണ്ടി
22 സൗഹൃദം
23 സ്വാതന്ത്ര്യത്തിന്റെ കുപ്പി
26 The 7 Habits of Highly Effective People - Book Review
29 ആത്മഹത്യ
30 വിരൽത്തുമ്പിലെ ജീവിതം
32 കവിത
33 നഷ്ട സ്വപ്നം
34 Sex Education
36 Photo Gallery
42 New World Standards
43 ഓർമ്മകൾ
43 നിലാവിന്റെ സ്പന്ദനങ്ങൾ
44 ശേഷക്രിയ
45 बूंद
46 വിപാഷയിലെ പലാശപ്പൂക്കൾ
47 കലാലയങ്ങളിലെ വിദ്യാർത്ഥി രാഷ്ട്രീയം
49 Photo Gallery
51 ഒറ്റയ്ക്കൊരു പ്രണയിനി
52 അതിഭീകരം
53 മരത്തടിയുടെ അറ്റത്ത്
57 മുഖംമൂടി
58 പ്രണയിച്ച് തീരാത്ത ആത്മാവ്
60 College Union Report
63 Principal Report
77 NSS Report
82 Women Cell Manini Report
84 PTA Report
85 Alumni Association Report
86 NCC Report
88 ഗുരുദക്ഷിണ ഈ സ്നേഹവീട്
90 Art Gallery
95 Photo Gallery

# നിലയ്ക്കാത്ത ഓർമ്മകൾ



**ATHIRA T**
III DC Computer Science

'ഒരു തണുത്ത പുലർവേളയിൽ കണ്ടുമുട്ടിയ നമ്മൾ ഇന്നിതാ നൊമ്പരമാകുന്ന ഇരുട്ടിന്റെ അഗാധമായ മൗനത്തിൽ പിരിയുന്നു.' - ഇത്രയും പറഞ്ഞുകൊണ്ട് അവൻ മൈക്ക് ഓഫ് ചെയ്തു. അവന്റെ അവസാന വാക്കുകൾ എന്റെ കാതുകളിൽ ഇപ്പോഴുമുണ്ട്. ഓർമ്മകൾ.. എന്റെ കലാലയ ജീവിതത്തിലെ ഓർമ്മകൾ !

കളിച്ചും ചിരിച്ചും പിണങ്ങിയും കരഞ്ഞു തീർത്ത മനോഹര നിമിഷങ്ങൾ. എല്ലാം കണ്ടും പഠിച്ചും അനുഭവിച്ചും തീർക്കേണ്ടതാണല്ലോ മനുഷ്യജീവിതം.

കലാലയജീവിതത്തിലെ കുറേ ഓർമ്മകൾ എവിടെയോ മാഞ്ഞുപോയെങ്കിലും ചിലതൊക്കെ ഒരിക്കലും മായ്ച്ചാൽ മായാത്ത കലകളായി മനസ്സിന്റെ ഏതോ കോണിൽ പ്രഭചൊരിയുന്നു. ആ നാളുകളിലെ സൗഹൃദം വാക്കുകൾകൊണ്ട് വിവരിക്കാനാവത്തവയാണ്.

ഞങ്ങൾ മൂന്നു പേരായിരുന്നു കൂട്ട്, സ്നേഹവും സന്തോഷവും പരിഭവങ്ങളും കലർന്ന മിശ്രിതമായിരുന്നു ഞങ്ങളുടെ സൗഹൃദം. ചിലരൊക്കെ എപ്പോഴും അസൂയയോടെ ഞങ്ങളെ നോക്കാറുണ്ട് ഞാനും മനുവും മീരയും. ഞങ്ങൾ സഹോദരങ്ങളെ പോലെയായിരുന്നു. അങ്ങനെ നീണ്ട ഞങ്ങളുടെ കലാലയജീവിതത്തിന് മനുവിന്റെ ആ വാക്ക്കൊണ്ട് തിരശീല വീണു കഴിഞ്ഞു.

കാലം നമ്മളിൽ അനേകം മാറ്റം വരുത്തി വെച്ചിരിക്കുന്നു. ആഴ്ചകൾ മാസങ്ങളായി മാസങ്ങൾ വർഷങ്ങളായി കാലം കറങ്ങിക്കൊണ്ടിരിക്കുന്നു. നാഗരികയാന്ത്രിക മുഷിപ്പിൽ ജീവിതം മടുത്തിരുന്ന എനിക്ക് പെട്ടെന്ന് ഒരു വാട്സ്ആപ്പ് മെസ്സേജ് വന്നു. മനുവായിരുന്നു അത്. മീര വല്ലപ്പോഴുമേ മെസ്സേജ് അയക്കു പക്ഷേ മനുവും ഞാനും പണ്ടത്തെപോലെയാണ് ഇപ്പോഴും അവന്റെ മെസ്സേജ് ഞാൻ വായിച്ചു അവന് എന്നെ നാളെ അത്യാവശ്യമായി കാണണം പോലും നാളെ രാവിലെ 10 മണിക്ക്, വോയിസ് മെസ്സേജിന്റെ ഇടർച്ച എന്നിൽ അസ്വസ്ഥത ഉണ്ടാക്കി. നേരം പുലരാനായി ഞാൻ കാത്തിരുന്നു വല്ലാത്ത സങ്കടത്തിലായിരുന്നു മനു. രാവിലെ ഞാൻ അവനെ വിളിച്ചു ഫോൺ സ്വിച്ച് ഓഫ് എന്റെടെൻഷൻ കൂടിക്കൂടി വന്നു മനുവിന്റെ വീട്ടിലേക്ക് ഞാൻ പുറപ്പെട്ടു.

പതിവിലും വ്യത്യസ്തമായ ആൾക്കൂട്ടം അവന്റെ വീട്ടുമുറ്റത്ത്. മരണത്തിൻറെ ഗന്ധം പരത്തി കാറ്റ് മെല്ലെ വീശി. രാപ്പാടികളുടെ ചരമഗീതം കാതുകളിൽ തട്ടുന്നു. മനവിന്റെ അമ്മയുടെ നിലവിളി ഇന്നും എന്റെ കാതുകളിൽ പ്രതിധ്വനിക്കുന്നു. പതിയെ നടന്ന് ഞാൻ അവന്റെ അടുത്തെത്തി. വെള്ള പുതപ്പിൽ സുഖമായി ഉറങ്ങുകയാണ് മനു.ഒരിക്കലും തിരിച്ചുവരാത്ത ഉറക്കം. പകച്ചു നിന്നു ഞാൻ ചങ്കിൽ ചുട്ടുപൊള്ളുന്ന വേദനയാണെങ്കിലും കണ്ണിൽ നിന്നും കണ്ണുനീർ പോരാതെ വരാത്തത്രയും മരവിപ്പ്. ഉറക്കെ കരയാൻ പോലും പറ്റുന്നില്ല. ഇത്രയും ഭയാനകമാണോ മരണം.

അവന്റെ വേർപാട് എന്നിലുണ്ടാക്കിയ മുറിവ് വലുതായിരുന്നു. പിന്നെയുള്ള തെല്ലാം ഉറക്കമില്ലാത്ത രാത്രികളായിരുന്നു. അവന്റെ അവസാന ശബ്ദവും, മെസ്സേജും ഓർമ യിൽ നിറഞ്ഞു നിൽക്കുന്നു. മനുവിന്റെ വീട്ടിൽ പലപ്പോഴായി ഞാൻ പോകാറുണ്ട്. അച്ഛനും അമ്മയ്ക്കും ആശ്വാസം പകരും. ആത്മഹത്യചെയ്യാൻ മാത്രം എന്ത് പ്രശ്നമാണ് അവനുള്ളത്. അവന്റെ മരണകാരണം തേടി ഞാൻ അലയുവാൻ തുടങ്ങി. അതിനുള്ള ഉത്തരം അവന്റെ മുറിക്കുള്ളിലെ ഡയറി എനിക്ക് നൽകി. കുറച്ചു പഴയതാണെങ്കിലും ഞാൻ അത് പൊടിതട്ടിയെ ടുത്തു. താളുകൾ ചിലതൊക്കെ ചിതലരിച്ചു പക്ഷെ അക്ഷരങ്ങൾ വ്യക്തമായിരുന്നു. അവൻ എഴുതിയത് ഞങ്ങളുടെ കലാലയ നാളുകളായിരുന്നു. കരഞ്ഞുകൊണ്ട് ഞാൻ അത് വായിച്ചു. പെട്ടെന്നാണ് എനിക്ക് ഡയറിക്കുള്ളിൽ നിന്ന് അത് കിട്ടിയത്. മീരയുടെ ഫോട്ടോ. ആശങ്ക യാടെ വീണ്ടും ഞാൻ വായന തുടർന്നു. അതെ, മീരയെ മനു ഒരുപാട് സ്നേഹിച്ചിരുന്നു. അവ ളുടെ സാമീപ്യം മനുവിന്റെ ജീവിതത്തിൽ ഒരാശ്വാസമായിരുന്നു. പലപ്പോഴായി തന്റെ ഇഷ്ടം അവളോട് പറയാൻ ശ്രമിച്ചെങ്കിലും നടന്നില്ല. ഒന്നും പറയാതെ പ്രണയത്തിന്റെ അതിതീവ്രമായ വികാരങ്ങൾ ഉള്ളിലൊതുക്കി കഴിയുകയായിരുന്നു ആ പാവം. രണ്ടുപേരിലും ഒഴുകാത്ത സ്നേ ഹം ഒരാളെ എന്നെന്നേയ്ക്കുമായി കൊന്നുകളയും.

ഈ ലോകത്തിൽ നിന്നു ദൂരെ ശാശ്വതമായ സുഖവും ദുഃഖവും തേടി അവൻ വിരഹവേദന അടക്കിപ്പിടിച്ച് ഒരു ചിത്രശലഭത്തെപ്പോലെ പോയി. ഒന്നും അവൻ എന്നെ അറിയിച്ചില്ല. അവളെ ഇഷ്ടമാണെന്ന് പോലും. സ്നേഹത്തിന്റെ അഗാധമായ ഗർത്തത്തിലൂടെ നടക്കുമ്പോൾ മരണം അവനെ മാടി വിളിച്ചു. ഓർമ്മകൾ എന്നും നമ്മുടെ വേദനയാണ്. പ്രണയം സൗഹൃദം ആകു മ്പോഴും സൗഹൃദം പ്രണയം ആകുമ്പോഴുംനിശബ്ദത എന്നും എവിടെയും നിറഞ്ഞുനിൽക്കുന്നു. പ്രകടിപ്പിക്കാനാവാത്ത വികാരത്തിന്റെ നിശബ്ദത. കാലത്തിനു മായ്ക്കാൻ കഴിയാത്ത സത്യമാ ണ് സ്നേഹം. 'അവൾ' ഇന്ന് അമ്മയാണ് ഭാര്യയാണ് നഷ്ടപ്രണയത്തിന്റെ മരണക്കെണിയിൽ അകപ്പെട്ടു പോയ അവന്റെ പ്രണയത്തിനു മൂകസാക്ഷിയായി മാറുന്നത് ആ കലാലയത്തിലെ മരങ്ങളും മലകളും മഞ്ഞുകണങ്ങളും മാത്രമാണ്.

◆



# മുഖംമൂടി - ഊരുതെണ്ടി





**NITHIN MADHAV**
III DC Computer Science

'ഒരു സ്വപ്നത്തിലെന്ന പോലെ ഞാൻ അവളുടെ മനസ്സിന്റെ ആഴങ്ങളിലേക്ക് കടന്നു. എന്തോ, അവിടെ അസാധാരണമായ ഒരു തണുപ്പും ഇരുട്ടും അന്ധമായ ഒരു മൂകതയും തങ്ങി നിൽക്കുന്നുണ്ടായിരുന്നു.പതുക്കെ നടന്നു തുടങ്ങിയപ്പോൾ എന്തിലോ തട്ടി ഞാൻ താഴേക്ക് വീണു. ഭാഗ്യത്തിനെന്നോണം കയ്യിൽ കരുതിയ ഒരു മെഴുകു തിരിവെളിച്ചത്തിൽ എന്താണത് എന്ന് ഞാൻ തിരഞ്ഞു നോക്കി. ഒരു പഴയ പെട്ടി. സാമാന്യം വലിപ്പമുള്ളത്. അതിൽ നിറയെ മുഖംമൂടികൾ ആയിരുന്നു. എല്ലാത്തിനും ഒരോ ഭാവം. ചിലതൊക്കെ ചിതലരിച്ചതും എന്നാൽ ചിലത് പുതിയതുമായിരുന്നു. അവൾ ഒരു സിനിമാനടിയോ നാടക നടിയോ ഒന്നുമല്ല. പിന്നെന്തിനാ ഇത്രയും ഭാവങ്ങൾ നിറഞ്ഞ മുഖംമൂടികൾ എന്ന് ഞാൻ ആലോചിച്ചു നോക്കി. കൂടുതൽ തിരഞ്ഞു നോക്കിയപ്പോൾ പെട്ടിയുടെ ഇടയിൽ നിന്നും എനിക്ക് ഒരു മുഖം കൂടി കിട്ടി. ഇന്നലെവരെ അവളുടെ മുഖത്ത് കണ്ട അതേ ഭാവമായിരുന്നു അതിനും. അത് അണിഞ്ഞായിരിക്കണം അവൾ എന്റെ ജീവിതത്തിൽ തകർത്തഭിനയിച്ചത്. നേരത്തേ ചിന്തിച്ചതിന്റെ മറുപടിയെന്നോണം എനിക്ക് ഇത്രയും മുഖംമൂടികളുടെ ആവശ്യം എന്തെന്ന് മനസ്സിലായി. അതിൽ പ്രതിഫലിച്ചിരുന്ന വിവിധ ഭാവങ്ങൾ ഒരു പക്ഷേ മറ്റൊരാളുടെ ജീവിതത്തിൽ അവൾ അണിയേണ്ടവ, അല്ലെങ്കിൽ എനിക്കും മുന്നേ അവൾ അണിഞ്ഞിരുന്നത്. എന്തോ... മെഴുകുതിരിയും അണച്ച് ഞാൻ അന്ധകാരത്തിലേക്ക് നടന്നുനീങ്ങി.'

◆

# സൗഹൃദം

യുഗങ്ങളിന്നേറെ കടന്നങ്ങു പോകിലും
കൊഴിഞ്ഞുപോയൊരാ കാലത്തിനിപ്പുറം
മനസ്സിന്റെ മാന്ത്രികക്കോണിലെവിടെയോ
ഒളിമങ്ങാത്തൊരാ ദീപ്തിയായി
ഇന്നുമെന്നോർമ്മകളിലെവിടെയോ
അലതല്ലുന്നൊരായിരം സൗഹൃദങ്ങൾ
ചിറകറ്റു വീഴുവാൻ പോകുന്ന നേരത്തും
പാറിപ്പറക്കുവാൻ മോഹിച്ച നേരത്തും
ചിറകായി മാറിയൊരാ മുഖങ്ങളൊക്കെയും
മറവിതൻ കൂരിരുളെൻ മനസ്സിൽ പതിക്കാതെ
കാത്തിടാൻ കഴിയണം കാലങ്ങളോളമേ
മധുരമായ് തോന്നിയ കാലങ്ങളൊക്കെയും
സ്മൃതികളായി മാറുന്ന നേരത്തുമാ
സ്മൃതികൾക്കൊക്കെയും ജീവനേകി
ഒരു നിഴലുപോൽ മാറുന്നെൻ സൗഹൃദങ്ങൾ
അത്രമേലാഴ്ന്നിറങ്ങിയൊരാ ബന്ധങ്ങളൊന്നിലും
അശാന്തിതൻ കരിനിഴൽ വീഴാതിരിക്കട്ടെയെന്നുമേ
ഇനിയുമുണ്ടേറെ ദൂരങ്ങൾ താണ്ടുവാൻ
ഇനിയുമുണ്ടേറെ സൗഹൃദം നേടുവാൻ
എങ്കിലും നേടിയതൊന്നുമേ കൈവിടാ-
തിനിയുമീ യാത്ര മുന്നോട്ടു നീങ്ങണം.




**CHIPPY ANTONY**
MA Development
Economics




# സ്വാതന്ത്ര്യത്തിന്റെ കുപ്പി





**ABHITH N**
I DC BCOM

അള്ളാ എന്നും നിസ്സഹായനാണ്.
എല്ലാ മനുഷ്യരുടെയും ചെവിയിൽ വേതോതാൻ പുള്ളിക്ക് പറ്റൂലല്ലോ.
അതിനെ ആ കുപ്പിയിലടച്ചതാണ്.
ആരെന്നോ എന്തിനെന്നോ ആർക്കുമറിയില്ല.
അറിയാത്തതല്ലാ, പറയാത്തതാണ്.
കായിക്കയാണ് എന്നോട് കാര്യം പറഞ്ഞത്.
മൂപ്പര് കണ്ടതാണ് പോലും.
തലേന്ന് രാത്രി ഖാദറിക്കാന്റെ ഖബറടക്കം കഴിഞ്ഞു വരുന്ന വഴിയായിരുന്നു. അയാൾ ചത്തത് നാട്ടിലെങ്ങു കോമെഡിയാണ്... അല്ലാതെ പിന്നെ,
മീൻ മുള്ളു തൊണ്ടയിൽ കുടുങ്ങി ആരെങ്കിലും മരിക്കുവോ?
കായിക്കക്ക് രാത്രിയിൽ പ്രേതത്തെ കാണാൻ പറ്റുമെന്നാ ആൾക്കാരു പറയാറ്.
ചെലപ്പോ ജിന്ന് കൂടുന്നതാവും,
ചെല പടത്തിലു ഞാനും അങ്ങനെ കണ്ടിട്ടുണ്ട്.
ആരോടോ സ്വകാര്യം പറഞ്ഞോണ്ടുള്ള വരവായിരുന്നു പോലും,
മണലിൽ ലൈറ്റ് അടിച്ചപ്പോ നിറച്ചും ചോര.
ചോര പോയ വഴിയേ കായിക്ക ചെന്നു.
അതെത്തിയത് അപ്പുറം കടലിന്റെ അറ്റത്താരുന്നു.
പോയി നോക്കിയപ്പോ കണ്ടതോ ആരോ വയറ്റിന്
ഒരു മീനിനെ എടുക്കുന്നു.
മുഖം കണ്ടു ഞെട്ടിയ കായിക്കയുടെ ബോധം അവിടന്നെ പോയി.
ഖാദറിച്ചാന്റെ മോനാണ്, സുൽത്താൻ.
പിറ്റേന്നു കായിക്ക എല്ലാരോടും പറയാൻ തുടങ്ങി.

‘ സുൽത്താൻ വലിയ മീനിനെ പെറ്റു. ’
അതെങ്ങനെ നടക്കും?
ആണുങ്ങൾ  പെറുമോ?
സുൽത്താൻ മീനിനെ പെറ്റു എന്നു വിശ്വസിക്കാനായിരുന്നു എല്ലാർക്കും ഇഷ്ടം. കാരണമെന്തെന്നോ? അവൻ ഒരു കുണ്ടനായിരുന്നു.
അതുകൊണ്ട് ആണുങ്ങൾ ആരും അവന്റെ അടുത്ത് പോവാറില്ല.
എന്തായാലും എല്ലാരും ഞെട്ടി... സുൽത്താന്റെ ഉമ്മ  ശെരിക്കും ഞെട്ടി.
നാട്ടുകാർ സുൽത്താൻ പെറ്റ മീനിനെ കാണാൻ ഓടിചെന്നു....
ഒരാളെയും അകത്തു കയറ്റിയില്ല,
കയ്യിൽ കത്തിയും വച്ചു സുൽത്താന്റെ ഉമ്മ ഖദീജ  പൊറത്തുണ്ടായിരുന്നു.
‘ വെറുതെ പറയുന്നതാണ് ’.
അത് കടലിന്നു പിടിച്ചു കൊണ്ടു വന്നതാണെന്ന് ഖദീജ  പറഞ്ഞു. അല്ലെങ്കിലേ ഖാദറിക്കാന്റെ ഖബറടക്കത്തിന്റെ മോളിലാണ് ഈ പൊല്ലാപ്പ്. എന്നാലും എല്ലാർക്കും അത് വിശ്വസിക്കാൻ കഴിഞ്ഞില്ല.. കടലീന്നു പിടിച്ചോണ്ട് വന്ന മീനിനെ കുപ്പിയിലാക്കിയത് എന്തിനു?
ചോയ്ച്ചപ്പോ സുൽത്താൻ പറഞ്ഞത് വളർത്താൻ എന്നായിരുന്നു.. എല്ലാരു ചിരിച്ചു.. ഞാനും ചിരിച്ചു..ആരെങ്കിലും മീനിനെ വളർത്തുവോ? അതും കടലിന്നു പിടിച്ചതിനെ.
പതുക്കെ ഖാദറിച്ചാന്റെ മരണകഥ മറ്റൊന്നായി. തൊണ്ടയിൽ മുള്ളു കുടുങ്ങിയതല്ല പകരം സുൽത്താന്റെ പേറു കണ്ടു അറ്റാക്ക് വന്നു ചത്തതാണ് പോലും.
അയാളുടെ വീട്ടിൽ കൊറേ മീൻകുഞ്ഞുങ്ങൾ ഉണ്ടത്രേ.എല്ലാത്തിനെയും കുപ്പിയിൽ അടച്ചിട്ടുണ്ട്. സുൽത്താന്റെ പണിയാണു അതെല്ലാം. എന്നാലും ഈ വളർത്തു സ്നേഹം എനിക്ക് മനസിലാവുന്നില്ല. പൊരിച്ചതിനെ  തിന്നുന്നോനു എങ്ങനെയാ മീനിനെ  വളർത്താൻ കഴിയല്?
എന്തായാലും സുൽത്താൻ അതൊന്നും ചെവി കൊണ്ടില്ല. ഓൻ വല്ല്യ പുരോഗമനക്കാരൻ ആണ്. സോഷ്യലിസ്റ്റ് ആണെന്നാണ് ഓൻ തന്നെ പറയൽ. എന്തായാലും  തിരമാല പോലെ കാര്യങ്ങൾ എല്ലാവരും അറിഞ്ഞു. ആളുകൾ പറയാൻ തുടങ്ങി.
‘ ഖാദറിന്റെ മോൻ സുൽത്താനു പ്രാന്ത് കൂടിയിട്ടുണ്ട്..’

പിറ്റേന്ന്  അത് വലിയ സംഭവമായി മാറി.
സുൽത്താൻ പെറ്റ മീനിനെ  കാണാൻ ടൗണീന്നു വരെ ആള് വരാൻ തുടങ്ങി..
ഓന്റെ ഉമ്മ ഇതെല്ലാം കേട്ടു ചവാൻ തുനിഞ്ഞു.
ഉപ്പുവെള്ളം കുടിച്ചു കുടിച്ചു ഒരു വകയായെന്നേയുള്ളു, ചത്തില്ല ഭാഗ്യം.
പിന്നെ സുൽത്താനെ കാണുന്നത് വെള്ളിയാഴ്ചത്തെ മീൻചന്തയിലായിരുന്നു.
ചങ്കു പൊട്ടി പാവം കരഞ്ഞു കൊണ്ട്  പറഞ്ഞു.
‘ ഞാൻ വളർത്താൻ പിടിച്ചു  കൊണ്ടു വന്നതാണ്.
അല്ലാതെ ഞാൻ പെറ്റതല്ല ഇതിനെ ’.
സംഭവം സത്യമായിരിക്കും.
കായിക്ക നുണ പറഞ്ഞതാണപ്പോ.. അയാൾക്ക് ജിന്ന് കൂടിയപ്പോ പ്രാന്തായി പോയതായിരിക്കും. സുൽത്താൻ  അലറാൻ തുടങ്ങി.നെഞ്ചത്തടിച്ചു ഉച്ചത്തിൽ കരയാൻ തുടങ്ങി. അദ്ദിച്ചയാണ് ഓനെ സമാധാനിപ്പിച്ചത്. അദ്ദിച്ച പറഞ്ഞാൽ എല്ലാരും കേൾക്കും. പണ്ടത്തെ സ്വാതന്ത്ര്യസമരസേനാനിയായിരുന്നു അയാൾ. ഈ നാട്ടിൽ ഇറച്ചി കഴിക്കാത്ത ഒരേ ഒരാൾ.

എല്ലാത്തിനും ജീവിക്കാനാണ് ഈ ദുനിയാവ് എന്നാണ് മൂപ്പരുടെ പറച്ചിൽ. ഇടയ്ക്കൊക്കെ മനുഷ്യരെ കുറ്റം പറയും. സമൂഹം വെറും തവിടാണെന്നു പറയും.
ചെലപ്പോ അങ്ങനെയാണെന്ന് എനിക്കും തോന്നും. എനിക്കു മൂപ്പരോട് വലിയ ബഹുമാനമാണ്. ബാക്കി മനുഷ്യരെ പോലെയല്ല, ചിന്തകളും പ്രവർത്തികളും വിചിത്രമാണ്.

സുൽത്താന്റെ മീനിനെ കടലിലേക്കിട്ടതും അദ്ദിച്ചയാണ്. അതിനു സ്വാതന്ത്ര്യം വേണം എന്നു പറഞ്ഞുകൊണ്ടായിരുന്നു എടുത്തെറിഞ്ഞത്. ആ സംഭവത്തിനു ശേഷം ആളുകൾക്ക് അയാളോടുള്ള മതിപ്പൊക്കെ പോയി തുടങ്ങി. ഒരു കുണ്ടന്റെ പക്ഷം ചേരാൻ മറ്റൊരു കുണ്ടനെ പറ്റു എന്നായിരുന്നു സംസാരം. അദ്ദിച്ച എപ്പോഴും പറയും..' അയിനെന്താണ് പ്രശ്നം? എല്ലാ മനുഷ്യരും ഒരു പോലെയാണോ.? ആണിന് ആണിനോട് ഇഷ്ടം തോന്നിക്കൂടെ? ' അല്ലെങ്കിലും അങ്ങനെയാ.., അദ്ദിച്ചക്കു പൂ പോലത്തെ മനസാണെന്നു ചെറുപ്പത്തിൽ എന്നോട് വാപ്പച്ചി പറഞ്ഞിട്ടുണ്ട്. ഇയാളെ പോലേ എല്ലാരും ചിന്തിച്ചാൽ ഈ ലോകം എത്ര നന്നായേനെ.

' ഹാ..ഇനിയെന്തായാലും അത് രക്ഷപെട്ടല്ലോ...'

' ചെലപ്പോ നാളത്തെ വലയിൽ അതിണ്ടാവും.
അല്ലേൽ ചെലപ്പോ നല്ലോണം ആയുസ് ഉണ്ടാവും..'

' കുപ്പിയോടെ കടലിനടിയിൽ അത് അങ്ങനെ കിടപ്പുണ്ടായിരിക്കും. അതിനു ചുറ്റും അതിന്റെ കുഞ്ഞുങ്ങൾ നിൽപ്പുണ്ടായിരിക്കും. കുപ്പിക്കുള്ളിൽ അങ്ങനെ അത് അതിന്റെ സ്വാതന്ത്ര്യം ആഘോഷിക്കുന്നുണ്ടാവും '.

ഒരു വലിയ ചടങ്ങിൽ പ്രസംഗിക്കുന്നപോലെ അദ്ദിച്ച എന്തെല്ലാമോ പറഞ്ഞു
ആ പ്രശ്നമവസാനിപ്പിച്ചു.

◆



വര: രാജേന്ദ്രൻ പുല്ലൂർ

# Stephen Covey's 'The 7 Habits of Highly Effective People' A Book Review



**Dr. JIJIKUMARI T**
Asst. Professor & Head,
PG Department
of Development Economics

Hai Students,

For personality development and character building, some habits are very essential. Habits can be defined as the intersection of knowledge, skill, and desire. Some of such habits were discussed by Stephen Covey, an American Educator and Author in his famous book "The 7 Habits of Highly Effective People". Covey pointed out a model known as 'inside-out' philosophy which means changes should begin within and works its way out. According to him, a person's character is a collection of habits that consist of skill, knowledge, and desire. Covey is of the opinion that we can see 7 important habits in all successful persons. Here I would like to review their book for our students.

The book is a seven-course meal on how to take control of one's life and become the complete, fulfilling person one envisions. The seven habits are keys to success for people in all walks of life. The book inspires a person to integrate the different responsibilities in one's life-personal, family and profession.

The 7 habits mentioned in Covey's book are -be proactive, begin with the end in mind, put first things first, think win-win, seek first to understand and then to be understood, synergize, and sharpen the saw. The seven habits move us progressively on a maturity continuum from dependence to independence to interdependence. Here I would like to share its meaning for building up of good character and get success in life.

1.Be proactive: - It is the ability to control one's environment, rather than control other. It is more than taking initiative. For example, suppose if you take a bottle of soda and shake it, it will explode. If you shake a bottle of water, it stays calm. When you are proactive, you make a choice about how you react to the things that happen in your life. You act like a water bottle. You might get shaken upon mad, but you stay calm and don't explode. You can be more proactive, by focus on things you can change or influence. You cannot control or change other people, the weather, things you did wrong in the past, how other people treat you, and homework. But you can control or change your attitude, your mood, your reaction to good and bad things happen, how you treat another person etc. Covey opined that there is some convincing part, doubtful part, some appreciation, and criticism aspects in our habit.

Convincing part of our habit which include we are responsible to make things happen, we are responsible for our actions, we choose our behavior, when things don't go your way, you aren't happy, but stay calm, and concept of circle of concern and circle of influence. He also mentioned about some doubtful part of habit like as emotion is the part of human nature because of which an expert person can be derailed from proactiveness.

Appreciation helps in handling situation, helps in making good choice about how you respond to something happening, it will make sure that the right things will happen at right time, and it help us to focus on those things that you can change. But it will take time and requires lots and lots of practices. They are the criticism.

2.Begin with the End in Mind: - This habit is based on the principle that all things are created twice. There is mental and physical creation. It states that we decide the direction of our life. It also advocates the different roles we play in life and need to make a balance between these roles, and if you don't know where you are going, how will you know when you get there. Before you figure out the "end", you must look at what you want. By doing one exercise, a person can identify what he wants in end. The convincing part of this habit include we write our own script, all things are created twice, and the physical creation follows the mental, just as a building follow a blueprint. One of the best ways to incorporate this habit in your life is to develop a mission statement. The doubtful habit of this habit is the difference between ideas and priorities can be threat. Here appreciation is in the form of making mission statement, re-write our own mission statement, convey emphasis that our self-awareness empowers us to shape our own lives, instead of living our lives day default.

3. Put First Things First: - This habit is when habit 1 and habit 2 comes together. Habit 2 is the physical creation. This is the habit of discipline and management of your life as per the direction you have chosen. This habit differentiates between urgent and important. Convincing part of this habit include we must have the discipline to prioritize our day-to- day actions based on what is most important, not what is most urgent. We should plan according to the nature of things.we should make weekly schedule. Appreciation part of this habit is it will better control, guarantee the successful completion of tasks, and can avoid panic situation.

4. Think Win-Win: - This is the habit of interpersonal leadership. Win-Win is a frame of mind and heart that constantly seek mutual benefit in all human interactions. With a Win-Win solution, all the parties feel good about the decision and feel committed to the action plan. Win-Win sees life as a cooperative, not a competitive arena.

5. Seek First to Understand and then to be Understood: - It is the habit of empathic communication. It is very essential for proper interpersonal communication. We have to build the skill of empathic listening on the basis of character that inspires openness and trust. In empathic learning, we listen with ears, eyes, and heart. Diagnose before you prescribe. This habit helps us to seeking to understand requires considerations, seeking to be understood takes courage.

6.Synergize: - This is the habit of creative cooperation. Synergy is the highest activity in all life, and true test and manifestation of all the habits put together. Synergy simply means that the whole is greater than the sum of its parts.

7. Sharpen the Saw: - This is the habit of balanced self-renewal. It surrounds the other habits on the seven habits paradigm because it is the habit that makes all other possible. It is the personal computer. It is preserving and enhancing the greatest asset you have. It is renewing the four dimensions of your nature-physical-spiritual-mental and social.

The ending note is 'that which we persist in doing becomes easier-not that nature of the task has changed, but our ability to do so has increased'. By centering our life on correct principles and creating a balanced focus between doing and increasing our ability to do, we become empowered in the task of creating effective, useful, and peaceful life for ourselves and for our posterity



# ആത്മഹത്യ

ചിന്തകളുടെ ഉദ്യാനത്തിൽ നിന്നെടുത്ത
ചീന്തിയ കടലാസുതുണ്ടുകളിൽ
അനാഥത്വത്തിന്റെ വേലിയേറ്റം
പ്രകടമായിരുന്നു.

അല്പായുസ്സുക്കളായ ഏടുകളിൽ
ചോര ചിന്തിയപ്പോൾ,ഞാൻ
പകച്ചുപോയി

ഭാവന നഷ്ടപ്പെട്ട ഏതോ കവിയുടെ
രചനകളാണോ അവയെന്ന്
ഞാൻ ആശങ്കപ്പെട്ടു.

പക്ഷേ, അതൊക്കെയും
ആത്മഹത്യാകുറിപ്പുകളായിരുന്നു
അതിൽ ഇങ്ങനെ എഴുതിയിരുന്നു
പച്ചപ്പണിഞ്ഞ ഇന്നലെകൾ
ഇന്നിതാ മരീചികയായി
മാറിക്കഴിഞ്ഞിരിക്കുന്നു
അടുക്കുന്തോറും അകലുന്ന
പ്രതീക്ഷയുടെ
മൂടുപടമഴിഞ്ഞപ്പോൾ,അവൾ
തിരിച്ചറിഞ്ഞു

ഞാനിപ്പോൾ മരണത്തിന്റെ അവസാന
പടവുകളിലാണെന്ന്.

അപ്പോഴേക്കും തെക്കേ തൊടിയിൽ
പുക വമിക്കുന്നുണ്ടായിരുന്നു
ശ്വാസകോശത്തിൽ ഇരച്ചു കയറുന്ന
നിലവിളികൾ, എങ്ങലടികളിൽ
മുങ്ങിപ്പോയിരുന്നു.

◆




**VARSHA RAJAN A**
III DC Microbiology




# വിരൽത്തുമ്പിലെ ജീവിതം



**VISHNU VALSAN K P**
I DC BCOM

' എപ്പോ നോക്കിയാലും ഇതിൽ കുത്തികൊണ്ടിരുന്നോ... '
കുറച്ചു കാലങ്ങളായി പല വീടുകളിലും കേട്ട് പഴക്കമുള്ള വാക്കുകളാണിത്..
കാര്യം മറ്റൊന്നുമല്ല, ഇവിടെയും വില്ലൻ മൊബൈൽ തന്നെ... ലോകത്തെ തന്നെ മാറ്റിമറിച്ച ഒരു കണ്ടുപിടിത്തമാണ് മൊബൈൽ ഫോൺ. വയറുകളുടെ സഹായമില്ലാതെ ദൂരെയുള്ളവരുമായി സംസാരിക്കുവാൻ കഴിയുന്ന ഫോൺ കണ്ടു പിടിക്കുന്നത് 1973 ലാണ്.
ഇന്ത്യയിൽ ആദ്യമായി മൊബൈൽ എത്തുന്നത് 1995 ലും കേരളത്തിൽ 1998 ലുമാണ്.
അന്നത്തെ കാലത്ത് ഒരു മൊബൈൽ ഫോൺ എന്നാൽ 50000 രൂപ ചിലവ് വരുമായിരുന്നു ഒരു കണക്ഷൻ എടുക്കുവാൻ. മാത്രമല്ല ഒരു മിനിറ്റ് ദൈർഖ്യം ഉള്ള വിളികൾക്ക് ഔട്ട് ഗോയിങ് കോളുകൾക്ക് പതിനാറ് രൂപയും ഇൻകമിങ് കാളുകൾക്ക് എട്ട് രൂപയും ചാർജ് ഈടാക്കപ്പെടുമായിരുന്നു.പിന്നെയും വർഷങ്ങളെടുത്തു തോണ്ടി വിളിക്കാൻ കഴിയുന്ന ടച്ച് സ്ക്രീൻ എന്ന മഹാത്ഭുതത്തിലേക്ക് മൊബൈൽ ഫോൺ കടന്നു കയറുവാൻ.
ഇന്നിപ്പോൾ ഒരു പരിമിധികളില്ലാത്ത അൺലിമിറ്റഡ് കോളുകൾ ചെയ്യണമെങ്കിൽ പോലും വലിയ ചിലവൊന്നുമില്ല.
500 രൂപ കൊടുത്താൽ പോലും മൊബൈൽ കിട്ടും എന്ന രീതിയിലേക്ക് കാര്യങ്ങൾ കടക്കുമ്പോൾ, ഒരു 4 ജി മൊബൈൽ ഫോണും ഇന്റർനെറ്റ് കണക്ഷനും ഉണ്ടെങ്കിൽ ലോകം മുഴുവൻ കൈപ്പിടിയിൽ ഒതുക്കുവാൻ കഴിയുന്ന ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ ജീവിക്കുന്നവരാണ് നമ്മൾ. മറു പകുതിയിൽ വലിയ അത്ഭുതങ്ങളുമായി മൊബൈൽ ഫോണുകൾ വീണ്ടും ചരിത്രങ്ങൾ സൃഷ്ടിച്ചേക്കാം..
സത്യത്തിൽ മൊബൈൽ ഫോൺ കണ്ടു പിടിത്തം മനുഷ്യ ജീവിതത്തിലെ തന്നെ വലിയ ഒരു കണ്ടു പിടിത്തമായി വിലയിരുത്താവുന്നതാണ്. ഇന്ന് നമ്മുടെ ജീവിതത്തിലെ ഒഴിച്ച് കൂട്ടാനാകാത്ത വലിയൊരു സ്ഥാനം നാം മൊബൈൽ ഫോണുകൾക്ക് കൽപ്പിച്ചു നൽകുന്നുണ്ട്. നല്ല വശങ്ങളോടൊപ്പം തന്നെ ദൂഷ്യ വശങ്ങളുമുണ്ട് മൊബൈൽ ഫോൺ ഉപയോഗത്തിന്. കാലത്ത് എഴുന്നേറ്റാൽ ഒന്ന് ആദ്യം തിരയുക മൊബൈൽ ഫോൺ ആകും. ഒഴിച്ച് കൂടാൻ കഴിയാത്ത ഓൺലൈൻ സൗഹൃദം മുതൽ പ്രണയ ബന്ധങ്ങൾ വരെ ഇന്ന് നമ്മുടെ വിരൽ തുമ്പിലാണെന്നു പറയുന്നതിൽ അത്ഭുതപ്പെടാനില്ല. ഫെയ്സ്ബൂക്കിലും വാട്സാപ്പിലും ഇൻസ്റ്റഗ്രാമിലും പ്രണയിച്ചു നടന്ന് വിവാഹിതരാകുന്നവർ ഒരു വാർത്തയെ അല്ലാതെയാകുന്നു. തട്ടിപ്പുകളിൽ കുരുങ്ങി ജീവിതം തകരുന്നവരും വിരളമല്ല..
സൗഹൃദ തട്ടിപ്പുകൾ മാത്രമല്ല, ഇന്ന് ഏറ്റവും അധികം തട്ടിപ്പ് നടക്കുന്നത് ഇന്റർനെറ്റിന്റെ സഹായത്തോടെയാണെന്നുള്ളത് വ്യസനകരം തന്നെ.. മൊബൈൽ ഫോൺ ഇന്ന് പലർക്കും അഡിക്ഷൻ ആണ്.

അത് പലരും പക്ഷെ തിരിച്ചറിയുന്നില്ല എന്നതാണ് സത്യം. അമിത ഉപയോഗം മൂലം ഇത് ശാരീരിക മാനസിക ആരോഗ്യത്തെ പോലും ബാധിക്കപെടുന്നു. അകലെയുള്ളവർ പോലും വിരൽ തുമ്പിലൂടെ ഉറ്റ സുഹൃത്തുക്കളായി മാറുമ്പോൾ, തൊട്ടടുത്ത സുഹൃത്തുക്കൾ പലരും അകന്നു പോകുന്നു. അകലെയുള്ളവരോട് സംസാരിക്കുവാൻ കണ്ടെത്തുന്ന പാതി സമയം പോലും നാം അരികിലുള്ളവരോടൊപ്പം ചിലവിടാൻ മെനക്കെടാറില്ല..ഇന്നിപ്പോൾ കൊച്ചു കുട്ടികൾക്ക് പോലും കരച്ചിൽ മാറ്റാൻ ചില അമ്മമാർ മൊബൈൽ ഫോൺ എടുത്തു കയ്യിൽ നൽകുകയാണ് പതിവ്. എടുത്തു പറയേണ്ട ഒന്നാണ് 2020 കൊറോണ നൽകിയ ഭീതിയും ഓൺലൈൻ ക്ലാസ്സുകളും. കൊറോണയെ തുടർന്നുണ്ടായ ലോക്ഡൗണിൽ, നാമെല്ലാവരും ഓൺലൈൻ ക്ലാസ്സുകളിലേക്ക് ചേക്കേറിയത്. ഇന്നിപ്പോൾ പാഠപുസ്തകങ്ങളും, പഠനവും പരീക്ഷകളും വരെ വിരൽ തുമ്പിലാണ്..പുത്കണ്ടുപിടിത്തങ്ങൾ നല്ലതാണ്, നാം അവയുടെ യഥാർത്ഥ ഉപയോഗം മനസ്സിലാക്കി ഉപയോഗിക്കുന്നുവെങ്കിൽ. നമ്മുടെ ജീവിതം മാറ്റിമറിക്കുവാൻ കെല്പുണ്ട് ഈ വിരൽ തുമ്പിലെ യന്ത്രത്തിന്.

◆



# കവിത



**SHILPA K V**
III DC Economics

പൊട്ടിയുരുകുന്ന മഷി നിറച്ചൊരു
പേനയുണ്ട് കയ്യിൽ
കനലു കൂർപ്പിച്ചെടുത്ത മുന
വെന്ത ശവത്തിന്റെ ഗന്ധം
മരുന്നു കുപ്പികൾക്കിടയിൽ
ശ്വാസംമുട്ടിമരിക്കാനായ
കടലാസിന് എന്റെ വേവുന്ന
മനസ്സിനെ പേടിയാണ്
ജീവിതം മണക്കുന്ന
കവിത ചിരിച്ചുകൊണ്ടു പറഞ്ഞു
എന്നെയാണ് തിരയുന്നതെങ്കിൽ
ഞാനുറങ്ങുകയാണ്
നിന്റെ ചവറ്റുകുട്ടയിലെ
അവസാന അക്ഷരമായി
ഞാനുറങ്ങുന്നു.

◆



# നഷ്ട സ്വപ്നം



**RANJINI M**
MA Development Economics

ദിശയറിയാത്തൊരാ പാഴ് വഞ്ചിയിൽ ഞാൻ...
തിരയെഴുമോളങ്ങളിലൂടെ

കാറ്റിന്റെ ഗതിയിൽ പിന്നിട്ട ദൂരമത്രയും
മറന്നു ഞാൻ

കയ്യിൽ നിനക്കായ് കരുതിയൊരാ
മുദ്ര മോതിരം
നെഞ്ചോട്ചേർത്തുവെച്ചു ഞാൻ
ദിശയറിയാതെ മുന്നോട്ട്പോയ്

തീരമടുക്കുവാനിനിയും
ദൂരമേറെയുണ്ടെന്നിരിക്കെ
ദിവസങ്ങളൊരുപാടകന്നു
പോയ്

ആ രാവിലും പകലിലും തിരഞ്ഞു
ഞാൻ നിന്നെ

ഒടുവിലാനേരമിങ്ങെത്തി
നിലാവിൻവെളിച്ചത്തിൽ
നേരിയ നിഴലായ് നീയെൻ മുന്നിൽ

നെഞ്ചിടിപ്പിൻ വേഗതയേറുന്നു
തീരമടുക്കുന്നുവെന്നാരോ
പറഞ്ഞു



കണ്ണൊന്നിറുക്കെ ചിമ്മി
ഞാൻ
കാറ്റിലാ പാഴ് വഞ്ചിയാടിയുലഞ്ഞു
അറിഞ്ഞതില്ലതൊന്നുമെ ഞാൻ

ഞാൻ കണ്ടൊരാ നിഴലിനടുത്തെത്തുവാൻ,
എൻ ഹൃദയം നന്നേ വെമ്പി
കൺതുറന്നു ഞാൻ
നനവാർന്ന മിഴികളാൽ
തിരഞ്ഞു ഞാനാ നിഴലിനെ
മുറിക്കുള്ളിൽ കടന്നുവന്നൊരാ രശ്മി
കിഴക്കൻ ചക്രവാളത്തിൽ
എന്നെയും നോക്കി ചിരിച്ചു

ഉറക്കച്ചടവിൽ നിന്നും
മെല്ലെയുണർന്നു ഞാൻ
സ്വപ്നമായിരുന്നെന്ന് തിരിച്ചറിഞ്ഞു ഞാൻ
നഷ്ട സ്വപ്നത്തിൽ നഷ്ടമായതെന്തോ
നൊമ്പരമാകെ
സ്വയം മനസ്സിനെ സ്വപ്നമെന്നു ചൊല്ലി
അശ്വസിപ്പിക്കാൻ ശ്രമിച്ചു ഞാൻ
◆






**THEERTHA SHEKAR**
I DC Microbiology

In this era of modern thoughts, youth views each aspects differently. Unlike the rest the need and necessity of 'Sex Education' in this generation is high. Sex education is high quality teaching and learning about a broad variety of topics related to sex and sexuality. It is like knowing ourselves and understanding our own body very well. Beyond this it moulds a person into a sexually healthy individual.

It is not a shame to speak frankly about our body and our sexual well being. Considering this as a bad habit builds up a bad society. And its mandatory to teach and make the growing up generation much conscious of 'Sex education'. It should be included in teenager's syllabus because that's the age we probably get confused on sex related topics. Creating a friendly open conversation on sex and sexual problems among our homies is also as important as sex education being taught in schools.

Lack of sex education causes tremendous issues in our society. There occurs a lot of complications even in matrimonial life due to the lack of proper sex education. Even though most of the cases are not relieved nowadays society is opening up some of the problems that occurs due to the absence of sex education. Our body is our personal property and only we have all the right over our body. And we also become much conscious in considering every sex beyond male and female equally through proper sex education. Each and every ingredients of sex education is perfectly embraced by Laurie Nunn through her brilliant series "Sex education". Through the proper sex education from an early stage our future generation will be well prepared to stand up against all the unexpected obstacles in their future.

## "Education doesn't hurt but ignorance does!"

ശ്വാസംമുട്ടുമ്പോഴും
അത്രമേൽ പ്രിയം തോന്നിയത്
നിന്നോട് ചുണ്ട് ചേർന്നപ്പോഴാണ്
ശ്വാസം മുട്ടുന്നുണ്ട്
പക്ഷെ
അസ്വസ്ഥമാണ്
നീ അടർന്നുപോയിടം
ഇന്നും ശൂന്യമാണ്
ചുണ്ടുകൾക്കൊപ്പം
അന്ന് ഞാൻ ചേർത്തുവച്ച
എന്റെ ഹൃദയമെങ്കിലും
തിരിച്ചു തരിക
◆





**SHILPA A**
II DC Development
Economics



**SUHAILA B**
M A ECONOMICS

ഒടുവിലൊടുവിൽ,
കിന്നരിക്കുന്ന കുരുവികൾക്കൊപ്പം
തിളക്കമറ്റ മിന്നാമിനുങ്ങിനോട്
കടം വാങ്ങിയ ചിറകുകൊണ്ട്
മുറിഞ്ഞ കവിതയുടെ ചെരുപ്പുമിട്ട്
കുന്നിനു മുകളിലെ സൂര്യനരികിൽ
നമ്മളെത്താതിരിക്കില്ല.
◆



# COLLEGE UNION 2019-2020

**Chairman**



ASWIN AJITH A

**General Secretary**



ASNA S

**Vice chairperson**



ARATHI K

**Joint Secretary**



ANUSRI K

**UUC**



SHILPA K V

**Fine Arts Secretary**



AKHILA PEETER

**Student Editor**



VISHNU VALSAN

**General captain**



JOHNS JOSE

# ASSOCIATION SECRETARIES

**BBA**



ATHIRA P

**ECONOMICS**



CHITHRA K V

**MICROBIOLOGY**



ARATHI BABU P V

**PHYSICS**



HARITHA V

**COMPUTER SCIENCE**



NIDHIN A

**COMMERCE**



ARCHANA K

# YEAR REPRESENTATIVES

**Ist YEAR**



AKASH C K

**IInd YEAR**



TONY P M

**IIIrd YEAR**



ANANDHU

**PG**



STELLA MARY

## Principal



Dr. Sr. Marykutty Alex

## Vice - Principal



Dr. Asha Chacko

## Vice - Principal



Dr. R Satheesh Kumar

## Staff Advisor



Mr. Joby Thomas

## Fine Arts Advisor



Dr. Ajith Kumar K

## Staff Editor



Dr. N V Vinod

## PTA Vice President



Mr. Jayaraj P

## PTA Staff Secretary



Dr. Siji Cyriac

# Collegeday

























# തിര 2K20











FINE ARTS FESTIVAL

# Silver Jubilee Celebrations














# NEW WORLD STANDARDS



**EMELDA NENSON**
I DC BBA

Dark ! In the open and closed eyes..
Cold ‼ Both inside and outside of me..
How can I feel myself in this numbness..
Sighs fills the air..
Nothings' good.. Nothing's straight..
The upside down world
With upside down people..
Have you ever felt sore??
Not just the outside but inside..
The soul.. The Heart..
The Body.. Just sore ‼
In a world were body defines everything..
Oh Darling..
You can't survive just with your pure soul..
They'll say..
Go and get an expensive body..
Make it even more expensive ‼
Adore it with sharp features..
beauty standards..
trendy fashions..
new world standards..
We don't care what's your soul like darling..
What we care is the outside looks..
You heard it right...
Darling...
You need expensive shits to survive in this world.... !
You might think it's a joke..
But no... it's not..
Here's the world were
People hover over 'perfect' images..
Here's the world were some starve
While others waste..
Here the world were
Fat equals ugly..
Scars equals imperfections
Black equals degradation..
YOU GOTTA KNOW THIS TO SURVIVE ‼
There is no such thing called Influencing..
What I mean is the real influencing..
Others... Yeah.. there are.. Huhh.. "Influencers".
Random posts , stories , challenges
The ist goes on....
These are not Superficials Darling...
But...
THE STANDARDS OF THE NEW WORLD ‼

# ഓർമ്മകൾ

തനിച്ചിരിക്കുന്ന നേരത്ത് ചിതലരിക്കാത്ത
ഓർമ്മകൾ മാടിവിളിക്കുന്നു
ഏകാന്തത മനസ്സിനെ അലട്ടുന്നില്ല
എന്റെ ഏകാന്തതയിൽ എന്നും
കൂട്ടിനായ് നീയുണ്ട്
തിരിച്ചു കിട്ടാത്ത ഒരായിരം ഓർമ്മകൾ
ഓർമ്മകൾക്ക് മരണമില്ലാത്ത കാലമത്രയും ഞാൻ
തനിച്ചല്ല
എന്റെ ഓരോ നിമിഷങ്ങളിലും
എന്റെ ഓരോ ചിന്തകളിലും
ഓടിയെത്തുന്നിതാ പൊലിഞ്ഞു വീണ
കുഞ്ഞോർമ്മകൾ
എന്റേതു മാത്രമായ ഓർമ്മകൾ



**DIVYA V V**
III DC Bcom

# നിലാവിന്റെ സ്പന്ദനങ്ങൾ

രാവുപൂക്കുന്ന വാനം അതിൽ
ഒരു ചെറുമുത്തശ്ശിക്കഥയുമായി
വിരിയുന്ന ആയിരം കുഞ്ഞുതാരകങ്ങൾ
അണയാത്ത നിറദീപമായി മിഴികളിൽ
മിന്നിമറയുമ്പോഴും
അകമറിഞ്ഞലിയുന്ന കനവായ്
ചാരെ അണയുന്ന
നിലാവിന്റെ സ്പന്ദനങ്ങൾ ഓരോ
തനുവിലും മൃദുലമായ് തീർക്കുന്നു
ഏഴഴകുകൾ ചാലിച്ച പ്രണയത്തിൻ ഗോപുരം.
നിശ ഒരു പരവതാനിയായി പടരുമ്പോൾ
പതിവായ് നിലാവുകൾ മുകിലിൻ
തേരിൽ അഴകിൻ മധുവൂറും നിനവായ്
മാറുന്നു നിശതൻ നിഴലായ്

◆



**SRUTHI SAI**
III DC BBA

# ശേഷക്രിയ



**SHUBHA T**
MA Development Economics

ഇന്നലെ പെയ്ത മഴയുടെ അവശേഷിപ്പുകൾ പുറത്തു വ്യക്തമാണ്. പൂഴി കൂട്ടിയതിൽ സ്വല്പം ഒലിച്ചുപോയിരുന്നു. അതൊന്നു മാറ്റിയിട്ടു ഷീറ്റു കൊണ്ടു മറയ്ക്കാൻ പലപ്പോഴും അയാൾ ഓർമിപ്പിച്ചതാണ്.എന്തിനും പോന്ന രണ്ടാണ്മക്കൾ ഉള്ളപ്പോൾ ഒറ്റയ്ക്കു ചെയ്യില്ലെന്ന വാശിയായിരുന്നു.

പറമ്പിലെ അഞ്ചാമതുള്ള തെങ്ങിന്റെ ചോടു കോരി തീർന്നിട്ടില്ല. അതുകൊണ്ടാവാം തൂമ്പയും പണിയായുധങ്ങളും അവിടെ തന്നെ കിടക്കുന്നത്. സഹദേവൻ വെറുതെയിരിക്കുന്നത് കാണാറേയില്ല. ഒന്നുകിൽ പറമ്പിലും തൊടിയിലും, അതുമല്ലെങ്കിൽ വീടിനു തറകെട്ടിയിട്ട 5 സെന്റു സ്ഥലത്തു കാണാം. ഈയിടെയായിട്ട് വെപ്രാളം കൂടുതലായിരുന്നു. എങ്ങനെ യെങ്കിലും പണിപൂർത്തിയാക്കി കയറിക്കൂടണം. ബാങ്കിലെ ജപ്തി നോട്ടീസ് വന്നതോടെ ഇപ്പഴിരിക്കുന്നയിടം അയാൾക്കൊരു ചുട്ടുപൊള്ളലാണ്.

‘ അമ്മു, നീയാ കെട്ടിനുള്ളിലെ പുല്ലൊന്നു മാറ്റിക്കേ, അത് കയറി കയറി പോണത് കാണുന്നില്ലേ? ’ കല്ലുകൾ നിരത്തിവയ്ക്കുന്നതിനിടയിൽ അയാൾ വിളിച്ചുപറഞ്ഞു.

‘ എന്റെ അച്ഛാ, മിനിഞ്ഞാന്നല്ലേ എന്നേം അമ്മേം കൊണ്ടു ഇത്രേടം വൃത്തിയാക്കിച്ചേ. രണ്ടൂസം കൊണ്ട് കിളിർത്തുവാരാൻ മാത്രം എന്തായിവിടെ? ’ അമ്മുവിന് ശുണ്ഠിയെടുത്തു.

അയാൾക്ക് തൃപ്തിപ്പെടാൻ അതൊന്നും പോര.പിന്നേം അവിടെത്തന്നെ തലങ്ങും വിലങ്ങും നോക്കികൊണ്ട് നടക്കും.

ചിലപ്പോഴൊക്കെ വൈകുന്നേരത്തെ കാപ്പിക്കിടയിൽ ഭാര്യയോട് പറയുന്നത് കേൾക്കാം:

‘ അല്ല, നിന്റെ 5 സെന്റിൽ വീടുവച്ചിട്ട് അവിടുന്നെങ്ങാനും എന്നെ നീ ഇറക്കി വിടുവോടി...’ സഹദേവൻ മുഖത്തൊരു ചിരി വരുത്തി. കൈയ്യി കിടന്ന ചൂലു താഴെയിട്ടു പാർവതി അടുത്തേക്കു ചെന്നു പറഞ്ഞു, ‘ പിന്നില്ലാണ്ട്, നിങ്ങൾക്കും നിങ്ങടെ രണ്ടാണ്മക്കൾക്കും ഞാനതന്നെയാ കരുതി വച്ചേക്കുന്നേ...’ അവൾ മുഖം തിരിച്ചു നടന്നു.

ഈ സംസാരം ഇടക്കുള്ളതാ.പാറുനെ ഒന്നു ചൊടിപ്പിക്കാൻ.അമ്മൂനും ഇഷ്ട്ടാ അമ്മേടെ മുഖം തിരിച്ചുള്ള നടത്തം കാണാൻ.വീടു പണിയും ബാങ്കിലെ കടത്തേക്കാളും അയാളുടെ ഉറക്കം കെടുത്തിയത് അമ്മൂന്റെ വിവാഹക്കാര്യമായിരുന്നു. ഉള്ള വീടു വിട്ടിറങ്ങി കൊടുക്കണമെന്നു നാട്ടുകാരും അറിഞ്ഞതോടെ വരുന്ന ആലോചനകളൊന്നം വീടെത്താണ്ടായി.

അകത്തെ മുറിയിലെ കട്ടിലെടുത്ത് പുറത്തേക്കിട്ട്, ഹരിമാമനതു കഴുകുന്നത് പായയിലിരുന്ന് അമ്മൂന് കാണാൻ പറ്റുന്നുണ്ടായിരുന്നു. നേരം വെളുത്തപ്പോൾ തന്നെ ഷീറ്റു കൊണ്ടുവന്നു മുറ്റത്തു വലിച്ചുകെട്ടി. ആളുകളും ഒരുപാടു കൂടിയിട്ടുണ്ട്, ആർക്കും ഇനിയും ഉൾക്കൊള്ളാൻ ആയിട്ടില്ലൊന്നും.

‘എന്താ പറയ്യാ, ഞാനിന്നലെ രാവിലെ കടേ പോവുമ്പോ ആ തെങ്ങിന്റെ ചോടുകുത്തുവായിരുന്നു’.

‘ എന്നിട്ടെന്തേ ഇണ്ടായത്? ’ അയാൾ ആകാംഷയോടെ ചോദിച്ചു.

‘ ഹൃദയം നിന്നുപോയതാ. ’ താടിക്കു കൈവച്ച് മാധവി വല്ല്യമ്മ പറഞ്ഞു.

‘ ഉം എന്തൊക്കെയായാലും സഹദേവൻ ഭാഗ്യവാനാ... അവനു കർമം ചെയ്യാൻ ഒന്നല്ല രണ്ടല്ലേ ആൺമക്കൾ! ‘ അവർ പരസ്പരം ആശ്വസിച്ചു.

അകത്തേ മുറിയിലിരുന്ന അമ്മുവിന്റെ ഹൃദയത്തെ ആ വാക്കുകൾ ഘോരാഘോരമായി ആക്രമിച്ചു. ചിലപ്പോഴാ ആത്മാവും തന്നെപോലെ ഒരുനിമിഷം ചിന്തയിലാണ്ടു പോയിക്കാണും. അവളറിയാതെ ഓർത്തു നിന്നു.

◆

# बूंद



**C PRAVEENA**
III DC BCOM

धरती को अपने सम्मान से सजाकर
हरे पत्तों को गालों से लगा कर
मिट्टी में खुशबू फैला कर
मानव का बहती प्यास बुझाने
आई वह इसी तट पर,
सुंदर लोलुप पानी की बूदें ।

◆

# വിപാഷയിലെ പലാശപ്പൂക്കൾ




**SARALA GOPALAKRISHNAN**

Associate Professor & Head
Department of Microbiology


ദേവതാരു ഹരിത വനത്തിലേകയായ്
ദേവശില്പമായവൾ കാനനസുന്ദരി
പണ്ടൊരജ്ഞാത വാസത്തിൽ
പാതിമെയ്യാവാൻ വന്നോരാ പാണ്ഡവൻ
നൽകിയോർമ്മകൾ ചാഞ്ഞ പൂമരം പോൽ
പിന്നെയീവഴി കണ്ടതില്ല കൗമാരമായെങ്കിലും
പുത്രനെപ്പോലുമൊരു നോക്കു കാണുവാൻ...
വന്നതില്ലീ വൻമരക്കാടിനിടയിലൂടൊരിയ്ക്കലും...
എന്തോരാനന്ദമായ് വനവാസിയായ്
എന്തൊക്കെ സ്വപ്നമായ് പൂവള്ളിയായ്
പടർന്നേറിയാ സുന്ദരസുഗന്ധിയാം
പാടലവർണ്ണനെയിപ്പൊഴുമെന്തിനോ കാത്തിരിയ്ക്കുന്നൂ
നിത്യവിശുദ്ധമീ വനവിപാഷയ്ക്കരികിലായ്...
കല്യാണസൗഗന്ധികപ്പൂവുകൾ കാത്തുവച്ചിട്ടും
കല്യാണി തെല്ലും കണ്ടതില്ലല്ലോ കന്മഷം!
എന്നിട്ടുമെന്തേ തിരികെയെത്തീല
മന്വന്തരങ്ങൾ മറഞ്ഞിട്ടും മകനെയോർത്തെങ്കിലും?

* വിപാഷ / ബിപാഷ = ഹിമാചലിലെ ബ്യാസ് നദിയുടെ പഴയ പേര്

അവലംബം : മഹാഭാരതത്തിലെ ഭീമന്റെയും ഹിഡുംബിയുടെയും ഘടോൽക്കചന്റെയും കഥ
പ്രേരണ : മനാലിയിലെ ഹിഡുംബാംദേവി ക്ഷേത്രസന്ദർശനം





# കലാലയങ്ങളിലെ വിദ്യാർത്ഥി രാഷ്ട്രീയം



**NEERAJ V K**
III DC Economics

സമീപകാല കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും ധീരവും സാഹസികവുമായ സമരങ്ങളൊക്കെയും വിദ്യാർത്ഥികളുടേതായിരുന്നു. ഓരോ കാലത്തേയും സവിശേഷസാഹചര്യങ്ങളെ അഭിമുകീകരിച്ചുകൊണ്ടാണ് വിദ്യാർത്ഥി രാഷ്ട്രീയം പ്രവർത്തന പഥങ്ങളിൽ മുന്നേറിയത്. ഇപ്പോഴത്തെ അത്യന്തം ഗൗരവതരമായ സാഹചര്യങ്ങളിൽ ശരിയായി ഇടപെടാനും ഇന്നത്തെ ലോകത്തെ മാറ്റാനും വിദ്യാർത്ഥി പ്രസ്ഥാനങ്ങൾക് കഴിയുന്നു. വർത്തമാനകാല സാഹചര്യങ്ങൾ കയ്പ്പുള്ളതാണ്, വർഗീയാതിക്രമങ്ങൾ രാജ്യത്തിന്റെ സ്വസ്ഥത തകർത്തു കഴിഞ്ഞു. അരാഷ്ട്രീയവാദവും കരിയറിസവും തഴച്ചു വളരുന്ന സ്വാർത്ഥതയുടെയുമെല്ലാം മറികടക്കുവാനുള്ള വെല്ലുവിളികളാണ്. കലാലയങ്ങളിൽ നിന്ന് ആരംഭിക്കുന്ന കൊടുങ്കാറ്റുകൾക് സമൂഹം പ്രതീക്ഷയോടെ കാതോർക്കുന്നുണ്ട്. അത് തന്നെയാണ് ചരിത്രമായത്. ചരിത്രത്തിലെന്നും ചിന്തകൾക്ക് തീ പിടിപ്പിച്ചതും പുതിയ വഴികൾ വെട്ടിയതും കലാലയങ്ങളിലെ സംഘടനാ പ്രവർത്തനങ്ങൾ തന്നെയാണ്. ക്യാമ്പുസികളിൽ വിദ്യാർത്ഥി രാഷ്ട്രീയ പ്രവർത്തനം സാധ്യമാകുന്നതിനു സർക്കാർ നിയമനിർമാണം നടത്തണമെന്ന് തന്നെയാണ് പറഞ്ഞു വയ്ക്കാനുള്ളത്. കാരണം വിദ്യാർത്ഥികളുടെ ജനാധിപത്യ അവകാശം സംരക്ഷിക്കാൻ നിയമനിർമാണ സഭയ്ക്കും സർക്കാരിനും ബാധ്യതയുണ്ട്. കോടതികൾ ഉത്തരവുകൾ ഇറക്കുന്നത് വസ്തുതകൾ വിലയിരുത്തി ആവണം. ജനാധിപത്യ അവകാശങ്ങൾ ഹനിക്കുന്നതാവരുത് കോടതി വിധികൾ.

വിദ്യാർത്ഥികളെ രാഷ്ട്രീയ നിരക്ഷരരാക്കാൻ വിദ്യാഭ്യാസ കച്ചവടക്കാരും സ്വാശ്രയ മാനേജ്മെന്റുകളും മത വർഗീയ ശക്തികളും ചേർന്നു നീക്കം നടത്തുകയാണ്.കോടതിവിധി മൂലവും ഇതു തന്നെയാണ് സംഭവിക്കുക. ഒരു ശതമാനം കോളേജുകളിലേ ഏതാനും അക്രമസംഭവങ്ങൾ ചൂണ്ടികാട്ടി വിദ്യാർത്ഥിരാഷ്ട്രിയം ആകെ നിരോധിക്കുന്നത് യുക്തിസഹമല്ല. ക്യാമ്പസുകളിൽ വിദ്യാഭ്യാസ കച്ചവടക്കാർക്കും സമുദായ സംഘടനകൾക്കും മത, വർഗീയശക്തികൾക്കും എന്താണുകാര്യം എന്നാണ് കോടതികൾ ചോദിക്കേണ്ടി ഇരുന്നത്. പുതിയ വിദ്യാഭ്യാസ നയം, വർഗിയ നയങ്ങളോടൊപ്പം വിദ്യാഭ്യാസരംഗത്തും നവ ഉദാരവത്ക്കരണ നയങ്ങൾ നടപ്പിലാക്കുകയാണ്. എഴുത്തുകാരും മാധ്യമ പ്രവർത്തകരും സ്ത്രീകളും ഇത്രത്തോളം വേട്ടയാടപ്പെട്ട ചരിത്രം ഇന്ത്യയിൽ മുൻപ് ഉണ്ടായിട്ടില്ല. അടുക്കളയിലും ആശയരംഗത്തും ഒരുപോലെ ഭരണകൂടം ഇടപെടുന്നു. രാജ്യത്തെ പ്രതിപക്ഷമായി കലാലയങ്ങൾ മാറിയതും ഇക്കാലത്താണ്.

" I have a dream " എന്നാരംഭിച്ചു പുകൾപ്പറ്റ പ്രഭാഷണത്തിൽ മാർട്ടിൻ ലൂഥർ കിങ് പങ്കുവെച്ചത് നന്മയുടെ മനുഷ്യമുഖം മുനിഞ്ഞു കത്തുന്ന ആഫ്രിക്കൻ തെരുവുകളെക്കുറിച്ചുള്ള അസ്വഭാവികതയാർന്നൊരു സ്വപ്നമായിരുന്നു. മാർട്ടിൻ ലൂഥറിന്റെ സ്വപ്നങ്ങൾ ഇന്ധനമായി കത്തിജ്വലിച്ച സമരങ്ങളുടെ നാൾ വഴികളിൽ ആഫ്രിക്ക സ്വതന്ത്രമായി. വർണവെറിയും തീയാളുന്ന അനുഭവകൾക്കും നേരെ സ്വയം ഒരു സൂര്യന്റെ സൗരഭ്യതയോടെ സമരം ചെയ്ത മണ്ടേല ആ നാടിന്റെ ഭരണാധിപനായതുമൊക്കെ സമാന്തര ആഫ്രിക്കൻ ചരിത്രം. ജയിൽവാസ നാളുകളിലൊന്നിൽ കേരളത്തിന്റെ നഗരാതിർത്തികളിലും ഗ്രാമാന്തരങ്ങളിലും 'ഫ്രീ മണ്ടേല' എന്ന ചുവരെഴുത്തിൽ വലിയ അക്ഷരങ്ങളുടെ ചുവട്ടിൽ കട്ടചുവപ്പ് നിറത്തിൽ പ്രത്യക്ഷപ്പെട്ടത് വിദ്യാർത്ഥി സംഘടനകളുടെ നാമമായിരുന്നു. ക്യാമ്പസുകളെ വിദ്യാർത്ഥിത്വത്തിന്റെ യൗവ്വന കാലത്തെ സ്വപ്നം കാണുവാൻ പഠിപ്പിക്കുകയും, കണ്ട സ്വപ്നങ്ങളിൽ നിന്ന് ആവാഹിച്ച ഊർജത്തിൽ മഹാസമരങ്ങളെ പ്രസരിപ്പിക്കുകയും ചെയുന്ന രാസപ്രക്രിയക്ക് കാലം ചാർത്തി നൽകിയ നിർവചനമാണ് കലാലങ്ങളിലെ വിദ്യാർത്ഥി രാഷ്ട്രീയ പ്രവർത്തനങ്ങൾ.

അതുകൊണ്ട് തന്നെ മതനിരപേക്ഷ വിദ്യാഭ്യാസം സംരക്ഷിക്കാൻ എക്കാലത്തും പ്രതിജ്ഞാബദ്ധമായി നിലപാടെടുക്കുവാനും, വർഗീയതയ്ക്കും മാനേജ്മെന്റ് ധികാരത്തിനും മതതീവ്രവാത്തതിനുമെ തിരായി കാമ്പയിൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാനും വിദ്യാർത്ഥി സംഘടനകൾക്ക് സാധ്യമാകുന്നു. ക്യാമ്പസ് ജനാധിപത്യത്തിലൂടെ കലാലയങ്ങളിലെ വിദ്യാർത്ഥി രാഷ്ട്രീയ പ്രവർത്തനങ്ങൾ ശരിയായ രീതിയിലും ക്രിയാത്മകമായ രീതിയിലും മുന്നോട്ടു പോകണമെന്നു തന്നെയാണ് നാം കണ്ട വിദ്യാഭ്യാസ അവകാശങ്ങളുടെ ചരിത്രവും വർത്തമാന കാലവും പറഞ്ഞു കൊണ്ടിരിക്കുന്നത്.

◆



# Union Inauguration

















# DEPARTMENT OF ECONOMICS





OVERALL CHAMPIONS

*OVERALL RUNNERSUP*

DEPARTMENT OF BCOM



*SPORTS CHAMPIONS*

DEPARTMENT OF BBA



*SPORTS RUNNERSUP*

DEPARTMENT OF ECONOMICS



*ARTS CHAMPIONS*

DEPARTMENT OF ECONOMICS



*ARTS RUNNERSUP*

DEPARTMENT OF MICROBIOLOGY



**ചിത്രപ്രതിഭ**



RAJEESH
II DC ECONOMICS

**സാഹിത്യപ്രതിഭ**



SHILPA K V
III DC ECONOMICS

**നൃത്തപ്രതിഭ**



SREELAKSHMI P
I DC BBA

# ഒറ്റയ്ക്കൊരു പ്രണയിനി

എന്നോട് പറയാതെയാണ്
എന്റെ ചിന്തകൾ നിന്നിലേക്കൊഴുകിയത്
എന്റെ കണ്ണുകൾ നിന്നെ തിരഞ്ഞതും
ഞാനറിയാതെയാണ്.
നിന്നെ ഞാൻ സ്നേഹിച്ചതും
ഞാനറിഞ്ഞിരുന്നില്ല.
നിന്റെ കാൽപ്പാടുകൾ ഞാൻ പിന്തുടരുമായിരുന്നു,
മഴത്തുള്ളികൾ പേമാരിയായി വന്ന്
മായ്ച്ചു കളയും വരെ.
എന്റെ തീവ്രപ്രണയത്തിൽ
മഴ പോലും അസൂയപ്പെട്ടിരിക്കണം
എന്റെ കാതുകളിൽ അലയടിച്ച നിന്റെ സ്വരം
കാറ്റുവന്നു തട്ടിയെടുത്തതും
അതുകൊണ്ടായിരിക്കണം
അസ്തമയസൂര്യന്റെ മനോഹാരിതയ്ക്കപ്പുറം
നിന്നെ ഞാൻ തേടുമായിരുന്നു
അപ്പോഴൊക്കെ വിരഹത്തിന്റെ ചുഴികളിൽ
നിന്റെ സ്മൃതികളെ ഞാൻ കണ്ടെത്തുമായിരുന്നു.

◆






**VARSHA RAJAN A**
III DC Microbiology

# അതിഭീകരം




**SREELAKSHMI K**
I DC Computer
Science


വിജനമായ വീഥിയിലൂടെ
വിരസമായി നടന്നൊരാൾ..
വികൃതമാം രൂപം കണ്ടിട്ടെന്ന പോൽ
വഴിയരികിലെ നായപോലും നോക്കി
അടഞ്ഞുകിടക്കുന്ന അംബര ചുംബികളാം
കോൺക്രീറ്റ് പാടങ്ങൾ
അനക്കമറ്റു കിടക്കുന്ന ശകടങ്ങൾ
ഏകാന്തതയുടെ വാതിൽ തുറന്നിറങ്ങിയ-
തബദ്ധമായെന്നൊരാധി അകത്തു
തിരിഞ്ഞുനോക്കിയപ്പോൾ ഞെട്ടി !
അകലെ ആയിരം തീകുണ്ഡങ്ങൾ
മുൻപോട്ടുള്ള യാത്രയിൽ വീണ്ടും
കുഴിമാടങ്ങളും നിശ്ചലതയും..
ദൈവങ്ങൾ പോലും അവധിയിലാണത്രെ
നിഗൂഢമായ, നിശബ്ദമായ ലോകം.
വീണ്ടും യാത്ര തുടർന്നപ്പോൾ
ചില മനുഷ്യരെ കണ്ടു
തിരിച്ചറിയാനാവാത്ത വിധം മുഖം മറച്ചവർ
പുഞ്ചിരികളില്ലാത്ത ലോകം...
അകലങ്ങളിൽ നിന്നുള്ള നോട്ടങ്ങൾ,
അത്രമേൽ രൂക്ഷമായ നോട്ടങ്ങളേറ്റ്
പതിയെ മുഖത്തു തപ്പിനോക്കി
നഗ്നമായ ചുണ്ടുകൾ...
മരിക്കപ്പെടേണ്ടെങ്കിൽ മറയ്ക്കപ്പെടേണം
മനസ്സ് മെല്ലെ മന്ത്രിച്ചു..
തിരിച്ചറിയപ്പെടാത്ത മുഖങ്ങൾ
തിരിച്ചറിവിന്റെ ലോകം
മുഖംമൂടികളിൽ വീർപ്പുമുട്ടുന്ന പുഞ്ചിരികൾ
അസ്വാഭാവികം...
അസാധാരണം...
ആകസ്മികം...
അത്രയേറെ അതിഭീകരം...
കൊറോണ....



# മരത്തടിയുടെ അറ്റത്ത്



**SARIN JICKSON**
III DC Computer Science

'ഒന്ന് അലറിക്കരയണം'
ചെറിയാച്ചന്റെ കൊറേ നാളായിട്ടുള്ള വലിയ സ്വപ്നങ്ങളിൽ ഒന്നാണ്. ഒന്ന് ആത്മാർത്ഥമായി ചങ്ക് പൊട്ടി അലറി അലറിക്കരയണം.കണ്ണുകളിൽ നിന്ന് കടൽവെള്ളം കൊഴുത്ത് കൊഴുത്ത് ഒഴുകണം. അതിൽ ഷർട്ട് നനഞ്ഞു കുതിരണം. പക്ഷേ അത് നടക്കുന്നില്ല. പറയുന്ന അത്ര എളുപ്പമല്ല കരയുകയെന്നത്. ഒരു മനുഷ്യന് പൊട്ടിച്ചിരിക്കണമെന്ന് തോന്നിയാൽ സാധിക്കും. എത്ര വേണേൽ പൊട്ടിച്ചിരിക്കാം. പക്ഷേ, കരയുന്നത് അത്ര എളുപ്പമല്ല. അതും ഉള്ളുതുറന്ന് അലറിക്കരയുകയെന്നത് വളരെ ദുഷകരം പിടിച്ച കാര്യമാണ്. ചെറിയാച്ചൻറെ ഓർമയിൽ അയാൾ ഒന്ന് അവസാനമായി ആത്മാർത്ഥമായി കരഞ്ഞത് അന്നാമ്മയെ കുഴിമാടത്തിലേക്ക് എടുക്കുമ്പോഴാണ്. പിന്നീട് പലപ്പോഴും ആ കരച്ചിൽ വീണ്ടും ആവിഷ്കരിക്കാൻ ശ്രമിച്ചതാണ് പരാജയപ്പെട്ടു. കണ്ണീർ എന്നത്, വികാരം അതിന്റെ തീവ്രതയുടെ അറ്റത്ത് ഏകാന്തതയിൽ കഴിയുമ്പോൾ മാത്രം സംഭവിക്കുന്നതാണ്. എന്നാണ് അതിനൊന്ന് സാധിക്കുക. അയാൾ നെടുവീർപ്പിട്ടു. രാത്രികളിൽ ഇരുട്ടു പൂക്കുമ്പോൾ അലറിക്കരയുന്നത് അയാൾ സ്വപ്നം കണ്ടു. കുമിഞ്ഞ് കൂടിയ ചിന്തകൾ ഒറ്റപെയ്ത്തിൽ കലിതുള്ളി മോക്ഷാത്മാവിനെപ്പോലെ കണ്ണിനെ ഉപേക്ഷിച്ച് പുറത്ത് ചാടുന്നത് അയാൾ ഓർത്തു. കള്ളു കുപ്പിയുടെ വെള്ളപ്പതയിൽ അയാൾ തന്റെ ചിന്തകളെ വാരിക്കൂട്ടിക്കൊണ്ടിരിക്കുകയാണ്. അടുത്തിരുന്ന ചെത്തുകാരൻ കറിയാച്ചന്റെ മോൻ തൊമ്മൻ അയൽവക്കത്തെ മറിയാമ്മച്ചേടത്തിയുടെ അരക്കെട്ടിന്റെ സൗന്ദര്യം തന്റെ കൂട്ടുകാർക്ക് വർണിച്ചു കൊടുത്തു കൊണ്ടിരിക്കുകയാണ്. വർണ്ണനയുടെ അലങ്കാരങ്ങളിൽ വികാരഭരിതനായ അടുത്തിരുന്ന പൊടി മീശ മുളയ്ക്കാത്ത പയ്യൻ ഡസ്കിൻമേൽ ആഞ്ഞൊരു തട്ട്. ആ തട്ടിൽ അടുത്തിരുന്ന കുപ്പിയിൽ നിന്ന് കള്ള് തെറിച്ച് ഇപ്പുറത്തിരുന്ന കടലക്കറിയുടെ തുരുത്തിനെ മൂടിക്കളഞ്ഞു. കള്ളുഷാപ്പിന്റെ സ്വാതന്ത്ര്യത്തിൽ ഒഴുകിനടന്ന് മറിയാമ്മച്ചേടത്തിയുടെ അരക്കെട്ടിന്റെ വർണ്ണന ചലനനിയമങ്ങൾ പ്രകാരം അടുത്ത ഡെസ്കിൽ ഇരുന്ന ചെറിയച്ചന്റെ ചെവിയുടെ കർണ്ണ പടത്തെ പിടിച്ചുകുലുക്കി.
'എനിക്കിപ്പോ എന്റെ കുഞ്ഞന്നാമ്മയെ കാണണം' അയാൾ ആരോടെന്നില്ലാതെ അലറിപ്പറഞ്ഞു അടുത്തിരുന്ന കള്ളുകുപ്പിയുമെടുത്തു ചലന നിയമങ്ങളെ തെറ്റിച്ചുകൊണ്ട് കള്ളുഷാപ്പിലെ വാതിൽക്കലേക്ക് നടന്നു. ചലന നിയമങ്ങൾ തെറ്റിയ വിഷമത്തിൽ കാലുകൾ നന്നായി ഇടറുന്നുണ്ട്. 'കാർന്നോരെ, ഈ മഴയത്ത് പുറത്തുപോകേണ്ടെന്ന്' തൊമ്മൻ അലറിപ്പറഞ്ഞെങ്കിലും ചെറിയാച്ചന്റെ മനസ്സിൽ മരിച്ചുപോയ തന്റെ ഭാര്യ കുഞ്ഞന്നാമ്മ കുഴിമാടത്തിലിരുന്ന് മാടിവിളിക്കുകയാണ്.

അയാൾ വാതിൽക്കൽ നിന്ന് ആകാശത്തിലേക്ക് നോക്കി. മേഘങ്ങളിൽ നിന്ന് മാലാഖമാരെ കീഴടക്കി വെള്ളം കൊണ്ട് നൂലുകെട്ടി പിശാചുകൾ താഴേക്കിറങ്ങുകയാണ്. വെള്ളത്തിന്റെ നൂലിന്റെ ആധിക്യം കൊണ്ട് കള്ളുഷാപ്പിന്റെ മുന്നിൽ നിന്ന പലുങ്കുമരം പോലും കാണാൻ സാധിക്കുന്നില്ല. ' അങ്ങനെ എന്നെ തോൽപ്പിക്കാന്ന് ഒരുത്തനും വിചാരിക്കണ്ട ഞാൻ സത്യ ക്രിസ്ത്യാനിയാ ' പണ്ടെപ്പോഴോ തലയിൽ ഹന്നാ വെള്ളം വീണതിന്റെ അഹങ്കാരത്തിൽ ഭൂമി യിൽ പിശാചുക്കൾ ഇറങ്ങിക്കൊണ്ടിരുന്ന വെള്ളത്തിന്റെ നൂലുകളെ വകത്തുമാറ്റിയും വലിച്ചു പൊട്ടിച്ചും മണിമലയാറിന്റെ കര നോക്കി ചെറിയാച്ചൻ നടന്നു. അയാൾ കണ്ടില്ലെലെന്നാ ആകാശം തകർത്തു കരയുകയാണ്. വഴി അങ്ങ് ശരിക്ക് തിരിയുന്നില്ല. എങ്ങനെ തിരിയാനാണ് പിശാചുക്കൾ കൂട്ടമായിഎറങ്ങിയേക്കുവല്ലേ, പിശാചുകളോടുള്ള ജന്മം കൊണ്ട് കിട്ടിയ വെറു പ്പിൽ വേച്ച് നടക്കുന്നതിനിടയിൽ ഒരു പാറക്കല്ലിൽ തട്ടി ഉരുണ്ടു കെട്ടി ഒന്ന് വീണു. ആ വീഴ്ച യിൽ കയ്യിലിരുന്ന കള്ളുകുപ്പി പൊട്ടി.

'കർത്താവിനെ കൊന്നതും പോരാഞ്ഞ് നീ എന്റെ കള്ളുകുപ്പി പൊട്ടിക്കുകയും ചെയ്ത ല്ലെടാ' അയാൾ അലറിപ്പറഞ്ഞു. അതിന്റെ മൂച്ചിൽ ചെറിയാച്ചൻ ചാടിയെണീറ്റ് നടത്തം വേഗത്തിലാക്കി. 'കുഞ്ഞന്നാമ്മയോട് പറഞ്ഞു വിടുന്നുണ്ട് ഒരു കൂട്ടം മാലാഖമാരെ കൂട്ടി ഇവന്മാരെ ഒതുക്കാൻ വിടാൻ' അയാൾ നെടുവീർപ്പിട്ടു, വാശിയിൽ ഏറ്റു നടന്നു. ഉരുണ്ടുവീ ണും തപ്പിത്തടഞ്ഞും ഇഴഞ്ഞു നടന്നും ചെറിയാച്ചൻ മണിമലയാറിന്റെ തീരത്തെത്തി. കുഞ്ഞന്നാമ്മയെ അക്കരെക്കടവിലെ തീരത്തോട് ചേർന്ന കിനാശ്ശേരി പള്ളിയിലാണ് അടക്കി യേക്കുന്നത്. അടക്കിന് എന്നാ ആളായിരുന്നു. ഓ... മണിമലയാർ തന്റെ സർവ്വശക്തിയിൽ അങ്ങ് അറ്റത്തുള്ള അറബിക്കടലിലേക്ക് കുതിച്ചു കൊണ്ടിരിക്കുകയാണ്.പോകാനുള്ള ധൃതിക്കിടയിൽ തീരത്തിരുന്ന എന്തൊക്കെയോ കൊണ്ടാണ് വരവ്.

' നീ എന്നെ അങ്ങനെ പേടിപ്പിക്കാൻ ഒന്നും നോക്കണ്ട ഇതിനപ്പുറത്തെ വരവ് ഞാൻ കണ്ടിട്ടുണ്ട് ' ചെറിയാച്ചൻ അടുത്ത ഒഴുക്കിൽ കയറുപൊട്ടി സ്വാതന്ത്ര്യം നോക്കിനിന്ന കൊതുമ്പു തോണി യിൽ ചാടിക്കയറി. പങ്കായം ആവേശത്തിൽ കൈയിലെടുത്ത് കുറ്റിയിൽ നിന്ന് കയറഴിച്ചു. സ്വാ തന്ത്ര്യം കിട്ടിയ വള്ളം ഒഴുകാൻ തുടങ്ങി. ചെറിയാച്ചൻ ബോധത്തിലോ അബോധത്തിലോ പങ്കായം കൊണ്ട് ആഞ്ഞു തുഴഞ്ഞു. എവിടെയെത്താൻ, ഒഴുകി ഒഴുകി ആടി ഉലഞ്ഞ് ഉലഞ്ഞ് കൊതുമ്പ് വള്ളം ചെറിയാച്ചനെ വെള്ളത്തിൽ മറിച്ചിട്ട് അറബിക്കടലിലേക്ക് ആവേശത്തിൽ ഒഴുകി. കയ്യും കാലുമിട്ട് ആഞ്ഞടിച്ച് ചെറിയാച്ചൻ വെള്ളത്തിൽ തല്ലിക്കൊണ്ടിരുന്നു. എവി ടെക്കിട്ടാൻ. അയാളുടെ കൈകൾ ഒരു കച്ചിത്തുരുമ്പിനായി തിരഞ്ഞു. പതിയെ കണ്ണിലൊരു മൂടൽ അനുഭവിക്കുന്ന പോലെ ദൂരെ ഒഴുകുന്ന ചെളിവെള്ളം ഒഴുകിവരുന്ന പാത്രങ്ങളും ചട്ടിക ളും കൊതുമ്പു വള്ളങ്ങളും എല്ലാം മങ്ങുന്നപോലെ. മങ്ങി മങ്ങി വെള്ളമില്ലാതെ ഒഴുകുന്നു ഒന്നും കാണാതെ കായലിനു മുകളിൽ ഇരുട്ടു പരന്ന് മൊത്തത്തിൽ ഇരുട്ടായി. അബോധത്തിൽ ഒന്നും കേൾക്കുന്നില്ല. എങ്ങോ ഒഴുകി.

കണ്ണിൽ പതിയെ വെളിച്ചം കേറിയപ്പോൾ ഒരു മരത്തടിയിൽ ഇപ്പം പിടിവീഴുമെന്നരീതിയിൽ ഒഴുകിക്കൊണ്ടിരിക്കുകയാണ്. കരമുഴുവൻ കായലിലൂടെ ഒഴുകുകയാണ്. മരത്തടിയിലുള്ള ഒരു നായ ചെറിയാച്ചന്റെ ഷർട്ടിൽ കടിച്ച് വലിച്ചു കൊണ്ടിരിക്കുകയാണ്. അത് കടി വിട്ടാൽ താൻ ഇപ്പൊ ആറ്റിൽ ഒഴുകും. ചെറിയാച്ചൻ വന്ന സുബോധത്തിൽ മരത്തടിയിൽ ഒന്നു ആഞ്ഞു പിടി ച്ചു മുറുക്കി. മരം അതിലൊന്ന് കുലുങ്ങി.

പട്ടി ഭാഗ്യം കൊണ്ട് താഴെ വീണില്ല. പട്ടിയും ചെറിയാച്ചനും മരത്തടിയും മണിമലയാറിന്റെ കുത്തൊഴുക്കിൽ ലക്ഷ്യങ്ങളും ലക്ഷ്യബോധങ്ങളുമില്ലാണ്ട് നിലയിലാണ്ട് ഒഴുകി. എങ്ങും എത്താതെ തീരം കാണാതെ. അയാൾ അടുത്തിരുന്ന പട്ടിയെ സൂക്ഷിച്ചുനോക്കി അതിന്റെ കണ്ണിൽ മറ്റൊരു ഒരു കടലൊഴുകുന്ന പോലെ. അന്നാമ്മയുടെ കണ്ണിലും പണ്ട് ഇതേപോലെ ചെറിയാച്ചൻ കണ്ടുനിന്നത് ഓർത്തു.

ഇത് ഇനി അന്നാമ്മയാണോ ചെറിയാച്ചൻ പട്ടിയെ സൂക്ഷിച്ചുനോക്കി, അല്ലെങ്കിപ്പിന്നെ ഒഴുകിപോകാൻ തുടങ്ങിയ തന്നെ ഇതിന് കടിച്ചു പിടിക്കേണ്ട ആവശ്യമുണ്ടോ? അയാൾ ദൂരേക്ക് നോക്കി ചിന്തിച്ചു. ആ... അറിയില്ല അവർ ഒഴുകിക്കൊണ്ടേയിരുന്നു, താൻ ഇന്നലെ അബോധത്തിൽ എന്തൊക്കെയാണ് കാട്ടിക്കൂട്ടിയതെന്ന് ഓർത്തെടുക്കാൻ ശ്രമിച്ചു. ഒന്നും തെളിയുന്നില്ല. കള്ളുഷാപ്പും ഒരു പേമാരിയും പിന്നെ അന്നാമ്മയും മാത്രമേ ചെറിയാച്ചന്റെ മനസ്സിൽ വന്നൊള്ളൂ. ഇതീന്ന് ഇപ്പോ എങ്ങനെയാ ഒന്ന് കേറുക. അയാൾ പട്ടിയെ നോക്കി. അത് അറിയില്ല എന്ന ഭാവത്തിൽ തല കുടഞ്ഞു. നീണ്ട് അറ്റമില്ലാത്ത മണിമലയാർ ഒഴുകുകയാണ്. കര മൊത്തത്തിൽ മണിമലയാറിന്റെ അടിയിൽപെട്ടപോലെ. ചെറിയാച്ചൻ രക്ഷപ്പെടലോർത്ത് ചുറ്റും നോകി. പ്രതീക്ഷ ഒന്നും കാണുന്നില്ല അവർ താണും പൊങ്ങിയും വെള്ളത്തിൽ അല സൃഷ്ട്ടിച്ചുകൊണ്ടേയിരുന്നു. ഒഴുകി ഒഴുകി ദൂരെ ഒരു വലിയ ബോട്ട് പോണപോലെ, അയാൾ സൂക്ഷിച്ചു നോക്കി അതെ അത് വലിയൊരു ബോട്ടാണ്. അയാൾ സന്തോഷത്തോടെ പട്ടിയെ നോക്കി. അവർക്ക് ഇരുവർക്കുമിടയിൽ പ്രതീക്ഷയുടെ ഒരു തുരുത്ത് രൂപപ്പെട്ടു.

‘ നമ്മൾ രക്ഷപ്പെട്ടെടി അന്നാമമ്മോ ’

അയാൾ അലറി കൂവി അതിനുശേഷം അയാൾ ആവേശത്തിൽ കൂകി ബോട്ടുകാരെ വിളിച്ചു മണിമലയാറിൽ രക്ഷാപ്രവർത്തനത്തിനിറങ്ങിയ ബോട്ടാണ്. അയാൾ രക്ഷിക്കണേന്ന് വിളിച്ചു കൂവി. തുടരെ തുടരെ ആ നിലവിളി വായുവിൽ ഓളങ്ങൾ സൃഷ്ടിച്ചു കൊണ്ടേയിരുന്നു. അവർ അയാളെ കണ്ടു. അവർ ബോട്ട് മരത്തടിക്ക് അടുത്തേക്ക് അടുപ്പിച്ചു. പട്ടി സന്തോഷത്തിൽ നാല് കുരകുരച്ചു. ചെറിയാച്ചൻ ആഞ്ഞ് കൂവി ബോട്ടിലേക്ക് അയാൾ കൈ നീട്ടി. ബോട്ടിൽ നിന്ന് ഒരു തടിമാടൻ അയാളെ കയറ്റാനായി കൈ താഴേക്കിട്ടു. എത്തുന്നില്ല, സാമാന്യം നല്ല പൊക്കമുള്ള ബോട്ടാണ്.

‘ ചേട്ടാ കൊറച്ചു കൂടെ പൊങ്ങ് ’

ബോട്ടിൽ നിന്ന് ഒരാൾ അലറി. ചെറിയാച്ചൻ ആഞ്ഞ് കൈപൊക്കി. അയാൾ കൈ പൊക്കാനായി മരത്തേൽ അമർത്തുമ്പോൾ മരം താണ് പട്ടി താഴെ പോകാൻ തുടങ്ങും, അപ്പം ചെറിയാച്ചൻ ബലം കുറയ്ക്കും ഇനി കൈ കിട്ടിയാലും തടിയിലെ പിടിവിട്ടാൽ പട്ടി ഒഴുകും. അയാൾക്ക് പിടിവിടാൻ മനസ്സുവന്നില്ല. അയാൾ അങ്ങനെ നിന്ന് കൈ മുകളിലേക്ക് നീട്ടിക്കൊണ്ടിരുന്നു. പക്ഷേ കിട്ടുന്നില്ല.

‘ ചേട്ടാ, തടിയിൽ ബലം കൊടുത്ത് പൊങ്ങ് ചേട്ടാ ’

ചെറിയാച്ചന് അതിനു മനസ്സ് വന്നില്ല. താൻ രക്ഷപ്പെട്ടാൽ പട്ടി ഒഴുകിപ്പോകും, അല്ലെ മുങ്ങും. അപ്പറത്ത് കരയിൽ ഒരു കുട്ടി നിന്ന് ബോട്ടിലേക്ക് നോക്കി നിലവിളിക്കുന്നുണ്ട് അവിടെ എത്തിയില്ലേൽ അവനും ഒഴുകും. ബോട്ടുകാർ ധൃതിപ്പെട്ടു. അയാൾ ചെറിയാച്ചനോട് ഗർവിക്കാൻ തൊടങ്ങി.

‘ ഒന്ന് വേഗം കേറ് ചേട്ടാ അപ്പുറത്ത് വേറൊരു ജീവനുണ്ട് ’

ബോട്ടിൽ ആരോ മുരണ്ടു. വലിഞ്ഞ് വലിഞ്ഞ് ആ തടിമാടൻ ചെറിയാച്ചനെ വലിച്ചു. അപ്പോൾ മരത്തിന്റെ അറ്റത്തിരുന്ന പട്ടി വെള്ളത്തിൽ മുങ്ങിച്ചാടാൻ തുടങ്ങി. അയാൾ മരത്തടിയിൽ പിടിവിടാതെ മുറുകെപ്പിടിച്ചു. ‘ ഈ പട്ടിയെ രക്ഷിക്കണം ’ ചെറിയാച്ചൻ അലറി.

'അതിനെ ഇപ്പോ വിട്  നമുക്ക് പിന്നെ രക്ഷിക്കാം അപ്പുറത്ത് ഒരു കുഞ്ഞിനെ കണ്ടോ' മീശ വച്ച് ഒരുത്തൻ ബോട്ടിൽ നിന്ന് ചൂണ്ടിക്കാട്ടി. എന്നിട്ടും മരത്തടി വിടാൻ ചെറിയാച്ചൻ കൂട്ടാക്കിയില്ല. കയ്യിൽ പിടിച്ച തടിമാടൻ ചെറിയാച്ചനെ ആഞ്ഞുവലിച്ചു. ആ വലിയിൽ അപ്പുറത്ത് നിന്നവൻ ചെറിയാച്ചന്റെ  മറ്റെ കയ്യിൽ പിടിച്ചു ബലമായി വലിച്ചു. അയാൾ മരത്തടിയിലെ പിടിവിട്ടു ഒഴുകി അയാൾ അലറി ബോട്ടുകാർ ഒരുവിധത്തിൽ പിടിച്ചു ചെറിയാച്ചനെ ബോട്ടിലേക്കിട്ടു. അയാൾ  ഒഴുകി അകന്ന മരത്തടിയേയും പട്ടിയേയും നോക്കി അലറിക്കരഞ്ഞു. ബോട്ടിന്റെ അറ്റത്തിരുന്ന് കാറി വിളിച്ചു, അലറിക്കൂവി. ഇതൊന്നും ശ്രദ്ധിക്കാതെ ബോട്ടുകാർ അപ്പുറത്തെ കുട്ടിയെ ലക്ഷ്യമാക്കി ബോട്ടോടിച്ചു. ചെറിയാച്ചന്റെ ഉള്ളിൽ ഒരു മലവെള്ളപ്പാച്ചിൽ പൊങ്ങുന്നപോലെ. അയാൾ ആഞ്ഞ് അലറി. 'അന്നാമ്മ' എന്നൊരു ശബ്ദം തൊണ്ടയിൽ നിന്ന് കുതറി ഓടിയപ്പോലെ. അയാളുടെ കണ്ണുകളിൽ നിന്ന് കടൽ വെള്ളം ഉപ്പു കൊഴുത്ത് കലർന്ന് അലറി തിരമാലയടിച്ച് ഒഴുകി ഒഴുകി പുറത്തുചാടി. അപ്പോഴും ബോട്ട് പ്രതീക്ഷയുടെ പുതിയ തുരുത്തുകളിലേക്ക് നിലവിളികളിലേക്ക്  ഒഴുക്കിനെ കീറിമുറിച്ച് നീങ്ങി.

*ഹന്നാൻ  വെള്ളം : മാമോദീസവേളയിലും മറ്റ് വിശുദ്ധ കർമ്മങ്ങളിലും ക്രിസ്ത്യാനികൾ തളിക്കുന്ന വെള്ളം*



# മുഖംമൂടി



**ABHITH N**
I DC BCOM

ഞാൻ കുറിച്ച വരികൾ
എരിഞ്ഞമർന്നിരിക്കുന്നു
നിന്നെ എഴുതണം അതിലൊന്നിൽ
ഒന്നിൽ നിറയില്ല ചിത്രങ്ങൾ...
നൂറിൽ  തീരില്ല ചെയ്തികൾ...
നീ തീർത്തത്  മഹാപാപത്തിനപ്പുറം...
ഹേയ്... മനുഷ്യാ... !
എന്തിനീ പൊയ്മുഖം?
കർമമേതായാലും  കുറിയ്ക്കും  അതിനുത്തരം...
കിടയ്ക്കുന്നു  കാലമത്രയും,
വിഷം തീണ്ടിയ കാലത്തിനൊടുവിൽ
അവ ഞാൻ പറിച്ചു കളയും...
അതിനുമപ്പുറം നീ സുഖിച്ചു വാഴില്ലതാനും...
നിൻ മുഖംമൂടിക്കുള്ളിൽ ഉണ്ടൊരു കപടമുഖം...
നീ തീർത്ത പൊയ്മുഖം....
കത്തിയെരിച്ച പെണ്ണും,
കുരുതികൊടുത്ത മൃഗവും, പറിച്ചു കളഞ്ഞ കാടും...
പിഴുതെടുത്ത മലയും...
എല്ലാം വിഷം തീണ്ടികൾ...
ഒടുവിലായി മഹാമാരിയും.
ഇക്കാലമത്രയും ഞാൻ കണ്ട കഥകൾ,
ഞാൻ എഴുതിയ കവിതകൾ,
എല്ലാം എന്നിലായിരുന്നില്ല...
എന്നാൽ എൻ മുഖലേപനം  പിഴുതെറിഞ്ഞപ്പോൾ,
കൊയ്തത് ജീവനുള്ള
നാമ്പുകളും...
ഒരുനാൾ ഞാൻ ലോകം സൃഷ്ടിക്കും...
തീർത്തും കപടമില്ലാത്ത ഭൂമി...
മുഖങ്ങൾക്കുമേൽ ഇനി ഒരു മുഖം വേണ്ട...
അവയ്ക്കുമേൽ ഞാൻ ഒരു സ്തൂപം പണിയും...
പ്രണയസ്തൂപം...മനുഷ്യത്വം.

◆



# പ്രണയിച്ച് തീരാത്ത ആത്മാവ്




**CHARESHMA A L**

MA DEVELOPMENT
ECONOMICS


ഓജസ്സിന്റെ ഇതളുകളും കൊഴിഞ്ഞു തുടങ്ങീ
അവ്യക്തമല്ലാത്ത ചിരകാലസ്മരണയുടെ
തുടിപ്പുകൾക്ക് അന്ത്യം
ചുളിവാർന്ന നെറ്റിത്തടങ്ങൾ
മങ്ങലിച്ച കാഴ്ച
കാമഭ്രാന്തിൽ ക്ഷതമേറ്റ ശരീരമോ
കാലചക്രത്തിനൊടുവിൽ.....

പ്രണയം
രണ്ടുഹൃദയത്താൽ തൊട്ടറിഞ്ഞപ്പോൾ
പൂർണമല്ലാത്ത ജനിക്കും
പൂർണമല്ലാത്ത മൃതിക്കും
ഇടവേള തീർത്ത് കൺതെല്ലുചിമ്മി
പ്രണയിച്ചു തീരാതെ......
നരയണിഞ്ഞ വാർദ്ധക്യത്തിലും
പ്രണയത്തിനൊപ്പം കൂടെ യാത്രയായി
അതെ,
പ്രണയത്തിന്റെ തിരശ്ശീല തീർത്ത്
ആത്മാവ്......
കഴിഞ്ഞുപോയ രാത്രിപകലുകൾക്ക്
പൂർണവിരാമമിട്ട്
പ്രണയിച്ച് തീരാത്ത ആത്മാവ്.....

◆



# BBA INAUGURATION

## Inauguration



# കോളേജ് യൂണിയൻ റിപ്പോർട്ട് - [ഇസ്ക്ര 2019-20]



**ASNA SASIDHARAN**
General Secretary

2019–20 വർഷത്തെ കോളേജ് യൂണിയൻ ഇലക്ഷൻ സെപ്തംബർ 5 -ന് പാർലമെന്ററി മാതൃകയിൽ നടന്നു. 2019-20 വർഷത്തെ യൂണിയൻ ഭാരവാഹികളായി താഴെ പറയുന്നവരെ തെരഞ്ഞെടുത്തു.

| | |
|---|---|
| **ചെയർമാൻ** | **: അശ്വിൻ അജിത്.എ** |
| **വൈസ് ചെയർപേഴ്സൺ** | **: ആരതി.കെ** |
| **ജനറൽ സെക്രട്ടറി** | **: അസ്ന. എസ്** |
| **യു.യു.സി** | **: ശിൽപ. കെ.വി** |
| **ജോയിന്റ് സെക്രട്ടറി** | **: അനുശ്രീ** |
| **ഫൈൻ ആർട്സ് സെക്രട്ടറി** | **: അഖില പീറ്റർ** |
| **സ്റ്റുഡന്റ് എഡിറ്റർ** | **: വിഷ്ണു വത്സൻ** |
| **സ്പോർട്ട്സ് ക്യാപ്റ്റൻ** | **: ജോൺസ് ജോസ്** |

**അസോസിയേഷൻ സെക്രട്ടറിമാർ**

| | |
|---|---|
| ബി.ബി.എ അസോസിയേഷൻ സെക്രട്ടറി | : ആതിര. പി |
| സി.എസ്. അസോസിയേഷൻ സെക്രട്ടറി | : നിതിൻ എ |
| എക്കണോമിക്സ് അസാസിയേഷൻ സെക്രട്ടറി | : ചിത്ര.കെ.വി |
| ഫിസിക്സ് അസോസിയേഷൻ സെക്രട്ടറി | : ഹരിത.വി |
| മൈക്രോബയോളജി അസോസിയേഷൻ സെക്രട്ടറി | : ആരതി ബാബു |
| കൊമേഴ്സ് അസോസിയേഷൻ സെക്രട്ടറി | : അർച്ചന |

**ക്ലാസ് പ്രതിനിധികൾ**

| | |
|---|---|
| ഫസ്റ്റ് ഡി.സി റെപ്രസന്റേറ്റീവ് | : ആകാശ് |
| സെക്കന്റ് ഡി.സി റെപ്രസന്റേറ്റീവ് | : ടോണി |
| തേർഡ് ഡി.സി റെപ്രസന്റേറ്റീവ് | : അനന്ദു |
| പി ജി റെപ്രസന്റേറ്റീവ് | : സ്റ്റെല്ല മേരി |

18/09/2019 ന് പ്രിൻസിപ്പലിന്റെ ചേംബറിൽ വച്ചു നടന്ന സത്യപ്രതിജ്ഞ ചടങ്ങിൽ വൈസ് പ്രിൻസിപ്പൽ ഡോ. ആശാ ചാക്കോ ചെയർമാൻ അശ്വിന് സത്യവാചകം ചൊല്ലിക്കൊടുത്തു. യൂണിയനിലെ മറ്റ് അംഗങ്ങൾക്ക് ചെയർമാൻ സത്യവാചകം ചൊല്ലിക്കൊടുത്തു.

‘ഇസ്ക്ര’ കോളേജ് യൂണിയൻ ഉദ്ഘാടനവും ഫൈൻ ആർട്സ് ഉദ്ഘാടനവും 20/11/19 ബുധനാഴ്ച നടന്നു. മഴവിൽ മനോരമ ഫെയിം അനുനന്ദ് & ടീമിന്റെ ‘ദി ബാക്ക് അപ്പ് പ്ലാൻ’ അവതരണത്തോടു കൂടി പരിപാടി ആരംഭിച്ചു. തുടർന്ന് നവീൻ നാരായണന്റെ മാജിക് ഷോയും വിദ്യാർഥികളുടെ കലാപരിപാടികളും അരങ്ങേറി. 2 മണിക്ക് കോളേജ് യൂണിയൻ ഉദ്ഘാടനം കണ്ണൂർ യൂണിവേഴ്സിറ്റി സെനറ്റ് അംഗം ആൽബിൻ മാത്യുവും ഫൈൻ ആർട്സ് ഉദ്ഘാടനം പ്രശസ്ത സിനിമ താരം ബിനീഷ് ബാസ്റ്റിനും നിർവഹിച്ചു. പ്രശസ്ത കവി കുരീപ്പുഴ ശ്രീകുമാർ മുഖ്യാതിഥിയായി പങ്കെടുത്തു. കോളേജ് പ്രിൻസിപ്പൽ ഡോ. സിസ്റ്റർ മേരിക്കുട്ടി അലക്സ് ആമുഖ പ്രഭാഷണം നടത്തി. ഫാ.ജോർജ് പുതുപറമ്പിൽ, ജയരാജ്, സിജി സിറിയക്, ജോബി തോമസ് എന്നിവർ ആശംസ അർപ്പിച്ച് സംസാരിച്ചു. കോളേജ് യൂണിയൻ ചെയർമാൻ അശ്വിൻ അധ്യക്ഷനായി. ജനറൽ സെക്രട്ടറി അസ്ന സ്വാഗതവും യു.യു.സി ശിൽപ നന്ദിയും പറഞ്ഞു.

കോളേജ് യൂണിയന്റെ ആഭിമുഖ്യത്തിലുള്ള ക്രിസ്തുമസ് ആഘോഷം ‘ഫ്രോസ്റ്റി ഫെസ്റ്റ് 2K19’ 20/12/2019 വെള്ളിയാഴ്ച കോളേജ് ഓഡിറ്റോറിയത്തിൽ വച്ചു നടന്നു. രാവിലെ 10:30 ന് ആരംഭിച്ച ഉദ്ഘാടന ചടങ്ങിൽ പ്രിൻസിപ്പാൾ ഡോ. സിസ്റ്റർ മേരിക്കുട്ടി അലക്സ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. കോളേജിന്റെ ലോക്കൽ മാനേജർ ഫാ.ജോർജ് പുതുപ്പറമ്പിൽ ക്രിസ്മസ് സന്ദേശം അറിയിച്ചു സംസാരിച്ചു. വൈസ് പ്രിൻസിപ്പൽ ഡോ. ആശാ ചാക്കോ ചടങ്ങിന് ആശംസ അറിയിച്ചു. കോളേജ് യൂണിയൻ ചെയർമാൻ അശ്വിൻ അധ്യ ക്ഷനായി.ജനറൽ സെക്രട്ടറി അസ്ന സ്വാഗതവും ഫൈൻ ആർട്സ് സെക്രട്ടറി അഖില നന്ദിയും പറഞ്ഞു. തുടർന്ന് അദ്ധ്യാപകരുടെ കരോൾ ഗാനം നടന്നു. ശേഷം ഡിപ്പാർട്ട്മെന്റ് തല കരോൾഗാന മത്സരവും, ക്രിസ്മസ് പപ്പ മത്സരവും, ക്രിസ്മസ് പപ്പ മത്സരവും, നക്ഷത്ര നിർമാണ മത്സരവും നടന്നു. മത്സരവിജയികൾക്ക് കോളേജ് പോർട്ടിക്കോയിൽ വച്ച് സമ്മാനം വിതരണം ചെയ്തു.

ജനുവരി 3,4 തീയ്യതികളിൽ കോളേജ് യൂണിയന്റെ ആഭിമുഖ്യത്തിൽ ഫൈൻ ആർട്സ് ’തിര 2K20’ കോളേജിൽ വച്ചു നടന്നു. യൂണിവേഴ്സിറ്റി ഷെഡ്യൂൾ പ്രകാരമുള്ള സ്റ്റേജിതര- സ്റ്റേജ് മത്സര ഇനങ്ങൾ ഉൾപ്പെടുത്തിയാണ് ഫൈൻ ആർട്സ് നടന്നത്. ഫൈൻ ആർട്സിൽ ഇക്കണോമിക്സ് ഡിപ്പാർട്ട്മെന്റ് 195 പോയിന്റോടുകൂടി ഒന്നാം സ്ഥാനവും മൈക്രോബയോളജി ഡിപ്പാർട്ട്മെന്റ് 125 പോയിന്റോടുകൂടി രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

കണ്ണൂർ യൂണിവേഴ്സിറ്റി യൂണിയൻ കലോത്സവം ജനുവരി 15 മുതൽ19 വരെ പയ്യന്നൂർ കോളേജിൽ വച്ച് നടന്നു. 5 ഗ്രൂപ്പിനങ്ങൾ ഉൾപ്പെടെ മൊത്തം 34 ഇനങ്ങളിൽ എഴുപതോളം മത്സരാർഥികളെ പങ്കെടുപ്പിച്ചു. കന്നഡ നാടകം, കോൽക്കളി എന്നീ ഗ്രൂപ്പിനങ്ങളിൽ രണ്ടാം സ്ഥാനവും ഒപ്പന, പ രിചമുട്ട് , മാർഗംകളി എന്നിവയിൽ എ ഗ്രേഡും കരസ്ഥമാക്കി. വ്യക്തിഗത ഇനങ്ങളിൽ മലയാളം പ്രബന്ധരചനയിൽ ശിൽപ ഒന്നാംസ്ഥാനവും, തബലയിൽ ആദർശ് ഒന്നാം സ്ഥാനവും , കന്നഡ ചെറുകഥാരചനയിൽ ശ്രേയ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

കോളേജ് യൂണിയന്റെ ആഭിമുഖ്യത്തിൽ വാലന്റൈൻസ് ദിനത്തിൽ കവിതാരചന മത്സരവും പ്രണയലേഖന മത്സരവും നടന്നു. കവിതാരചനയിൽ ശിൽപ.കെ.വി (മൂന്നാം വർഷ ഇക്കണോമിക്സ്) ഒന്നാം സ്ഥാനവും , ശിൽപ.എ (രണ്ടാം വർഷ ഇക്കണോമിക്സ്) രണ്ടാം സ്ഥാനവും , പ്രണയലേഖന മത്സരത്തിൽ ആരതി ബാബു (ഒന്നാം വർഷ മൈക്രോബയളജി) ഒന്നാം സ്ഥാനവും, അജിത്ത്.എൻ (ഒന്നാം വർഷ ബി കോം) രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

കോളേജ് യൂണിയന്റെ ആഭിമുഖ്യത്തിൽ 14/02/2020 ന് കൊറോണ വൈറസിനെതിരെ ഒരു ബോധവൽക്കരണ സെമിനാർ കോളേജ് ഓഡിറ്റോറിയത്തിൽ വച്ചു നടന്നു. പൂടംകല്ല് താലൂക്ക് ആശുപത്രി ഹെൽത്ത് ഇൻസ്പെക്ടർ ക്ലാസ് കൈകാര്യം ചെയ്തു. കോളേജ് സ്പോർട്സ് ഡേ ജനുവരി 28 ന് കോളേജ് ഗ്രൗണ്ടിൽ വച്ച് കായികവിഭാഗം അദ്ധ്യാപകൻ രഘുനാഥ് സാറിന്റെ മേൽനോട്ടത്തിൽ സ്പോർട്സ് ക്യാപ്റ്റൻ ജോൺസ് സുഗമമായി നടത്തി. ഇതിനു മുൻപുള്ള ദിവസങ്ങളിൽ വിവിധ ഇനങ്ങളിൽ ഗെയിംസും നടന്നു. സ്പോർട്സ്, ആർട്സ്, ഗെയിംസ് എന്നിവയിലെ പോയന്റുകളുടെ അടിസ്ഥാനത്തിൽ ഇക്കണോമിക്സ് ഡിപ്പാർട്ട്മെന്റ് 279 പോയിന്റോടുകൂടി ഒന്നാം സ്ഥാനവും , 208 പോയിന്റോടു കൂടി കൊമേഴ്സ് ഡിപ്പാർട്ട്മെന്റ് രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

ബി ബി എ അസോസിയേഷൻ ഉദ്ഘാടനം 'എമ്പ്രസരിയോ 2K20' 3/02/2020 ന് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ് സീനിയർ ക്ലർക്കും പയസിലെ പൂർവ്വവിദ്യാർഥിയുമായ ശ്രീകാന്ത് കരിച്ചേരി നിർവ്വഹിച്ചു.

'ഇസ്ക്ര' കോളേജ് യൂണിയന്റെ ആഭിമുഖ്യത്തിൽ ഉള്ള കോളേജ് ഡേ പരിപാടി 26/02/2020 ബുധനാഴ്ച കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. രാവിലെ 11.30 നു ഉദ്ഘാടന ചടങ്ങ് ആരംഭിച്ചു. നീലേശ്വരം നഗരസഭാ ചെയർമാൻ പ്രൊഫസർ ജയരാജ് പരിപാടി ഉദ്ഘാടനം ചെയ്തു സംസാരിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. സിസ്റ്റർ മേരിക്കുട്ടി അലക്സ് കോളേജ് റിപ്പോർട്ട് അവതരിപ്പിച്ചു. ഡോ. അശ ചാക്കോ , സിജി സിറിയക്, കണ്ണൂർ യൂണിവേസിറ്റി യൂണിയൻ ജനറൽ സെക്രട്ടറി വിഷ്ണു ചേരിപ്പാടി എന്നിവർ ആശംസ അറിയിച്ചു സംസാരിച്ചു. കോളേജ് യൂണിയൻ ജനറൽ സെക്രട്ടറി അസ്ന യൂണിയൻ റിപ്പോർട്ട് അവതിപ്പിച്ചു. വൈസ് ചെയർപേഴ്സൺ ആരതി അദ്ധ്യക്ഷനായി. ജോയിന്റ് സെക്രട്ടറി അനുശ്രീ സ്വാഗതവും ഫൈൻ ആർട്സ് സെക്രട്ടറി അഖില നന്ദിയും പറഞ്ഞു. ശേഷം കൃത്യം 1.30 നു കണ്ണൂർ യൂണിവേഴ്സിറ്റിയുടെ 'ചിലമ്പൊലി' ട്രൂപ്പിന്റെ  നാടൻപാട്ട് നടന്നു. തുടർന്ന് കോളേജ് വിദ്യാർത്ഥികളുടെ കലാപരിപാടികൾ നടന്നു.

എന്ന് ,

സ്നേഹാഭിവാദ്യങ്ങളോടെ...

അസ്ന ശശിധരൻ

(ജനറൽ സെക്രട്ടറി)

# PRINCIPAL'S REPORT 2019-20



**Dr.Sr. Marykutty Alex**
Principal

St. Pius X college which had its humble beginning in a tiny seed sown 25 years back has now grown into a mighty tree providing shelter to its students, teachers and parents. And what it is today, is due to the untiring and persevering efforts, dedication and vision of its founders and those who came after them, and above all due to the providence of God who continues to guide this institution.

I really feel proud and honoured to be apart of the St Pius Family. It is a great privilege for me to present a short report of the activities and achievements of our college during the academic year 2019-20.

## THE VISION OF St. PIUS X COLLEGE

To be a centre of excellence in higher education affordable to common man.

## THE MISSION STATEMENT OF THE COLLEGE

To be a beacon of eternal inspiration to fulfil the aspirations of students, staff, alumni and the society.

## WELCOME

Our previous local manager Fr. Shaji vadakkethottil got transferred and Rev. Fr. George Puthuparambil has taken charge. Management appointed Fr. Dino Kummanikkatil as Bursar. St pius X family extends a warm welcome to them.

## RETIRING STAFF

We the St. Pius X family extends our sincere gratitude to the Principal, Rev. Sr. Dr. Marykutty Alex, Vice Principal Dr. Satheesh Kumar and the office assistants John M A and Lowcy Philip for their contributions and valuable service.

**TEACHING AND NON – TEACHING STAFF**

College Staff consists of 26 permanent teachers, 10 guest lecturers and 18 non-teaching staff. Mr. Shino P Jose and Lt. Thomas Scaria are awarded PhD.

**MERIT DAY**

It is a healthy practice of our college to honour the students who score highest marks in their respective subjects. This day is known as merit day. In the beginning of each academic year we invite renowned academicians from the field of education to honour our students. The main aim of this merit day is to inspire the students of our college to achieve laurels in the field of academics. The merit day of this academic year was inaugurated by His Excellency Mar Joseph Pamplany, Auxiliary Bishop of Thalassery Diocese on 4th August 2019.

## COLLEGE UNION

This year College Union Election in parliamentary mode was held on 05-09-2019 under the supervision of the Returning Officer Mr. Joby Thomas, Assistant Professor, Department of Economics.

The following students were declared elected under parliamentary system to various positions.

| | | | |
|---|---|---|---|
| 1. | The Chairman | Aswin Ajith A | II DC Physics |
| 2. | The Vice Chairman | Arathi K | II DC Economics |
| 3. | The Secretary | Asna Sasidharan | III DC Microbiology |
| 4. | The Joint Secretary | Anusree | II DC Computer Science |
| 5. | Councilor to the university Union | Shilpa Kodoth | III DC economics |
| 6. | The Secretary, Fine Arts | Akhila Peeter | I DC BBA |
| 7. | The Student Editor of the College magazine | Vishnu Valsan | I DC B.Com |
| 8. | The General Captain, Sports and Games | Johns Jose | I DC Economics |

The activities of the union will be mentioned in the union report. I specially congratulate and thank Mr. Joby Thomas for conducting the college union election peacefully and democratically.

## ARTS CLUB

This year Arts club with Asna Sasidharan as secretary, Mr. Ajith Kumar as Chief Coordinator, was very active. It was inaugurated on 20-11-2019 by the famous actor Bineesh Bastin.

The fine arts festival was held on 24th and 25th January. Department wise competitions were conducted.

There was a remarkable achievement for St Pius X College Rajapuram in the Kannur University fine arts festival held at Payyanur College Payyanur during January 16-19. Total 76 students of the institution contested in different events including 5 group and 30 individual items.

Winners of University Fine Arts Festival held at Payyannur college from 15.01.2020 to 19.01.2020

| | | | | |
|---|---|---|---|---|
| 1. | Tabala | I Prize | Adarsh Siby | II Computer Science |
| 2. | Essay Competitions | I Prize | Shilpa K.V | III Economics |
| 3. | Kolkali | II Prize | | |
| 4. | Kannada Drama | II Prize | | |
| 5. | Kannada Cherukadha Rachana | III Prize | Sreya B.K | II Microbiology |

other events like Margamkali, Oppana and Parichamutt got A grade In addition to the activities of the Fine Arts Association, students were encouraged to take part in competitions held outside the campus, which in turn helped in increasing understanding and co-operation. Students of our college took part in various Inter-collegiate competitions and Inter-district competitions as well. I use this opportunity to congratulate and thank Mr. Ajith Kumar and his team for their incredible performance and sincere efforts.

## SARGASAMGAMAM

The literary club of St. Pius, "Sargasangamam" conducted various programmes during this academic year. A short story writing competition for I DC students was conducted in October 2018. A caption writing competition was held in the month of june. A poster designing competition based on the stories of T Padmanabhan was also held.The winners of various competitions were awarded.

## SPORTS AND GAMES

This has been an year of commendable achievements in the field of Sports and Games. Following students are selected to the Kannur University Team under various disciplines.

| | | | |
|---|---|---|---|
| 1. | C. Praveena | III B.com | Football |
| 2. | Roshmitha | III Physics | Football |
| 3. | Akhil | III Economics | Kabaddi |
| 4. | Binoy | I Computer science | Kabaddi |
| 5. | Vibhinav | II BBA | Basketball |
| 6. | Soyal James | II B.Com | Boxing |
| 7. | Jithin Joseph | II Computer Science | Boxing |
| 8. | Adarsh John | I Microbiology | Tug of War |
| 9. | Haripriya | II B. Com | Tug of War |
| 10. | Anuja | II B. Com | Tug of War |

## TEAM CHAMPIONSHIP UNIVERSITY LEVEL

| | |
|---|---|
| Basket Ball Men | II |
| Tug of war Women | III |
| Tug of War Men | IV |
| Kabbadi Men | III |

This year more number of teams as well as students participated in the intercollegiate tournaments. The following teams participated in the Kannur University tournaments.

1. Football
2. Basket ball
3. Volley ball
4. Hand ball
5. Kabbadi
6. Kho Kho
7. Weight lifting
8. Badminton
9. Cricket
10. Swimming
11. Boxing Men
12. Tug of war
13. Taekwondo
14. Power lifting
15. Athletics

The intramural and extramural tournaments were conducted on department basis. The annual sports day was held on 28.01.2020. The overall championship in the annual sports and games was secured by the Dept. of Management.

Winners of the various Games conducted by College
Department level competitions

| | | |
|---|---|---|
| 1. Football (M) | Ist - BBA | 2nd - Computer Science |
| 2. Basketball (W) | Ist - B.Com | 2nd - Economics |
| 3. Volleyball (W) | Ist - B.Com | 2nd - Economics |
| 4. Volleyball (M) | Ist - Physics | 2nd – B B A |
| 5. Cricket (M) | Ist - B.Com | 2nd - Computer Science |
| 6. Kabbadi (W) | Ist - B.Com | 2nd - Microbiology |
| 7. Kabbadi (M) | Ist - Economics | 2nd – B B A |

## National Service Scheme 2019-2020

Unit No. 7 & 8
Programme Officers : Dr. Vinod N.V, Jincymol Joseph

- College NSS units 7 & 8 were started in the year 1995 with the goal of personality development through community services
- Around 200 students are serving as volunteers under NSS units.
- Our units have shown excellence and diversity in various fields and have also excelled in social works.
- Various activities of NSS units were materialized through the framework of patriotism, love and social commitment, the three core values that our college always promotes

**The activities of the NSS unit will be mentioned in the NSS Report*

## ALUMNI ASSOCIATION

Alumni association of St.Pius X College, Rajapuram celebrated its Alumni day "Snehasamgamam" on 26th December 2019. Our former principal Dr. C K Luckose was the chief guest of the function.

## NCC REPORT (2019-20)

A unit of Senior Division NCC (infantry) is attached to this college.There are 54 Cadets. Lt Dr.Thomas Scaria, (Head of the Department of Computer Science) is the NCC officer of the NCC unit. The NCC unit of the college conducted a variety of programmes this year. The activities were carried out under the dynamic leadership of Senior Under Officer Amrith Swaroop.

## PARENT TEACHER ASSOCIATION

Parents teachers association was actively involved in curricular and extra-curricular activities of the college. The financial resources of the PTA were used for the benefit of the students and development of college. One lakh rupees has been allotted for purchase of furniture to the library and twenty thousand rupees allotted for purchase of podium and table in the auditorium. More than 2 lakh rupees allotted for various club programs, arts and sports activities of the college.

## ACADEMIC COUNCIL

Academic Council is a body established for analysing the academic output of each department and for recommending measures for improvement.

## MENTORING SYSTEM

All the students of the college have been divided into small groups for personal mentoring under 35 regular faculties. Even semester onwards personal mentoring along with class mentoring is executed regularly. Personal mentoring takes place fortnightly. In the even semester, class mentoring was executed weekly. Tuesday is the day set for class mentoring. Personal mentoring takes place at the convenience of mentors and mentees. But there is a target given to each personal mentor for meeting the mentees once in two weeks. Academic Challenge is also considered as a part of class mentoring which also has been executed once in a week since November 2019. The day set for Academic Challenge is Wednesday.

## ADMISSION COMMITTEE

Kannur University has implemented the Centralized Allotment Process (CAP) for admission to its affiliated colleges since 2016. Therefore admissions for UG and PG programmes are conducted as per the rules of the university.

## AGAPE CLUB

Agape Club is unique for Rajapuram College, which assists financially backward students in their educational needs. This year also financial aid was given to a number of students of this college. Dr. Asha Chacko and Mr. Shiju Jacob manage the accounts and distribute the money to the needy students.

## LANGUAGE LAB

The Language Lab of St. Pius X is an audio or audio visual installation used as an aid in modern teaching. It plays an important role in the language learning process of the students of our college. Language Lab helps each and every student of our college to improve their speaking skill.

## RESEARCH ACTIVITIES OF THE COLLEGE DURING 2019-20
## (REPORT OF THE RESEARCH COMMITTEE)

During 2019-20 college conducted the following Research activities :

1. **Awarding of Ph.D Degree :Two teachers were awarded Ph.D**

| *sl.no* | *Name of faculty* | *Subject / Dept* |
|---|---|---|
| 1. | Dr. Shino P Jose | Business Administration |
| 2. | Dr. Thomas Scaria | Computer Science |

Mr. Biju Joseph, HOD of the Department of Management studies has submitted his Phd thesis

Faculty members of our institution who have received highly reputed national/international awards/recognition from central government agencies in the previous academic year (2018-19).

| S. No | Name of the Faculty | Name of the Award | Name of the Central government agency inter-national agencies from where award has been received |
|---|---|---|---|
| 1 | Dr Jijikumari | Outstanding Woman In Economics | Venus International Foundation |
| 2 | Dr Jijikumari | Best Young Faculty Award | GRABS Educational Charitable Trust |
| 3 | Dr Sinosh Skariyachan | Top Peer Reviewer Award | Publon SCI citation index |
| 4 | Dr Sinosh Skariyachan | DST Travel Grant Award | SERB DST Govt of India |
| 5 | Dr Sinosh Skariyachan | FEMS Conference Attendance Grant | Federation of European Microbiological Society |

## Publications (International journals): SCI Indexed journals

*Year Wise List Dr. Sinosh Scariachan*

### 2020

1. Suresh M, **Skariyachan S**, Narayanan N, Pullampara Rajamma J, Panickassery Ramakrishnan MK (2020). Mutational Variation Analysis of oprD Porin Gene in Multidrug-Resistant Clinical Isolates of Pseudomonas aeruginosa. Microb Drug Resist. doi: 10.1089/mdr.2019.0147. **Marry Ann Libert Inc., (Impact factor 2.397)**

2. **Skariyachan S**, Gopal D, Kadam SP, Muddebihalkar AG, Uttarkar A, Niranjan V (2020). Carbon fullerene act as potential lead molecule against prospective molecular targets of biofilm-producing multi-drug resistant Acinetobacter baumanni and Pseudomonas aerugenosa: Computational modeling and MD simulation studies. J Biomol Struct Dyn. doi.org/10.1080/07391102.2020.1726821 **Tailor & Francis (Impact factor 3.31)**

### 2019

**3.** Gopal D, Muddebihalkar AG, Skariyachan S, C AU, Kaveramma P, Praveen U, Shankar RR, Venkatesan T, Niranjan V. (2019). Mitogen activated protein kinase-1 and cell division control protein-42 are putative targets for the binding of novel natural lead molecules: a therapeutic intervention against Candida albicans. J Biomol Struct Dyn. 2019 Oct 29:1-16. doi: 10.1080/07391102.2019.1682053. Tailor & Francis (Impact factor 3.31)

**4.** Skariyachan S, Taskeen N, Ganta M, Venkata Krishna B (2019). Recent perspectives on the virulent factors and treatment options for multidrug-resistant Acinetobacter baumannii. Crit Rev Microbiol. 45(3): 315-333. Tailor & Francis (Impact Factor: 5.697)

**5.** Skariyachan S, Challapilli SB, Packirisamy S, Kumargowda ST and Sridhar VS (2019). Recent aspects on the pathogenesis mechanism, animal models and novel therapeutic interventions for Middle East Respiratory Syndrome Coronavirus Infections. Front. Microbiol. 10: 569. doi: 10.3389/fmicb.2019.00569 Frontiers (Impact Factor: 4.259)

**6.** Manjunath M, Skariyachan S (2019). Screening of natural lead molecules against putative molecular targets of drug resistant Cryptococcus spp: an insight from computer aided molecular design. Curr Top Med Chem. 18: 31, 2681-2701. Bentham Sciences (Impact factor 3.442)

**7.** Skariyachan S, Govindarajan S (2019). Biopreservation potential of antimicrobial protein producing Pediococcus spp. towards selected food samples in comparison with chemicalpreservatives.IntJFoodMicrobiol.291(16):189-196.Elsevier(ImpactFactor4.006)

## CERTIFICATE COURSES

This year, as a part of enhancing additional knowledge and information, students are asked to pursue online certificate courses. These certificate courses add a feather on the cap of each and every student. The students submit the completed course certificates to their concerned teachers.

## LIBRARY

